# RAINBOW

SM BULLETIN, NEW ZEALAND | VOL. 1 | JANUARY 2011

My God and My Lord

Syro-Malabar Catholic Mission Auckland

## THE VISION OF THE SM MISSION

"We, the Syro-Malabar Catholic Mission Auckland, take every step to live our Christian Vocation as handed over to us through St. Thomas, the Apostle of Jesus Christ, with its own particular characteristics expressed in worship, spirituality, theology and disciplinary laws, to unite all the Syro Malabar faithful in New ZeaLand under the hierarchical order of the Syro Malabar Community and handover the same faith and tradition to our children."



# CONTENTS


EDITORIAL 3

MESSAGES

- Chaplain 4
- Varkey Cardinal Vithayathil 5
- Fr. Alex Viruthakulangara 5
- Bishop Patrick Dunn 5

PARISH NEWS

- സ്വാതന്ത്ര്യ ദിനാഘോഷവും സ്വർഗ്ഗാരോപണ തിരുനാളും 6
- വിശുദ്ധരിലൂടെ വിശുദ്ധിയിലേയ്ക്ക് 6
- സാന്തോം യൂത്ത് 6
- കൊന്തനമസ്കാരവും ആരാധനയും 7
- News from the Whangarei Community 7
- We are Moving... 8
- Bible Readings from Feb. 06 - April 10 9

SUNDAY SCHOOL

- ജ്ഞാനികൾ ഇന്നും അവിടുത്തെ അന്വേഷിക്കുന്നു 11
- St. Maria Goretti - The Patroness of Modern Youth 12
- Saint Therse - 'The Little Flower of Lisieux' 12
- അന്നയുടെ 'X'mas സമ്മാനം 13
- God's Love 14
- Jesus is Born 14
- Find Out!!!! 14
- 100% Attendance 2010 15
- Sunday School Final Result 2010 15
- Sunday School Teachers 2011 15

YOUTH COLUMN

- The Needs of Todays Youth 16

COMMUNITY COLUMN

- ഓക്ക്‌ലാൻഡ് സീറോമലബമാർ മിഷൻ  ഒരു അവലോകനം 17
- ഒരു പ്രവാസിയുടെ ക്രിസ്മസ്സ് ചിന്തകൾ 18
- ഒരു പ്രതിഫലനം 19
- ഓർമ്മയിൽ വിടരുന്ന ഉണ്ണീശോപ്പൂക്കൾ... 19

LEGAL COLUMN

- Happy New Year 2011 and Welcome to Changes to NZ Immigration Law!!! 20

PARISH COUNCIL

- Trustees and Council of Members 20

# MESSAGE FROM
# EDITORIAL BOARD



Maju Abraham

EDITORIAL

My sincere greetings to one and all in Christ. I take this opportunity to introduce the editorial team entrusted by Fr Joy and the council with the honor of initiating our Syro Malabar Community bulletin - “RAINBOW”. The team consists of Mr John Anthraper, Mr Shibu Mathew and me - Maju Abraham.

It would be fair to say that the introduction of this bulletin is a giant step towards providing meaning and purpose to the SM community as highlighted in our vision statement. The two major components in the vision statement are …“Living our Christian vocation” and … “Passing on the faith and values to our children.”

Christian vocation is a living expression of our daily lives by replacing our ways of doing things by the ways taught to us by Jesus Christ through his human existence. This can be done by encapsulating the spirit of Jesus Christ in our hearts so that we would naturally imitate Christ in our Intentions, Words and Deeds.

In order to encapsulate the spirit of Christ, first we need to have the courage to accept and proclaim that the purpose of our existence is to attain the perfection of Christ. Secondly we need to have the humility to accept, that the wisdom of God rather than our own reasonig, is the only way of attaining that perfection.

This then involves training our minds to impulsively respond in a way that Jesus would have responded in any given situations. But the big question that comes to our mind is … “Does it mean that by being a Christian we lose our freedom and liberties of life, because we feel a sense of loss of freedom and liberty when we have to do things that do not come naturally to us?”

The answer is a big “No”. It is about conditioning our minds so that the human concept of freedom is replaced by the Divine concept of freedom. What comes freely or naturally to us is replaced by what comes freely or naturally to Jesus.

- What comes naturally to us as “anger” is replaced by “Meekness”
- What comes naturally to us as “envy” is replaced by “Brotherly Love”
- What comes naturally to us as “Pride” is replaced by “Humility”
- What comes naturally to us as “Lust” is replaced by “Modesty”
- What comes naturally to us as “Sloth” is replaced by “Diligence”
- What comes naturally to us as “Avarice” is replaced by “Generosity”
- What comes naturally to us as “Gluttony” is replaced by “Temperance”

Therefore “to live our Christian vocation means to live with a freedom not to choose the freedom of the world”. Let us all define our aim of being part of the SM community as a means of developing skills to live our Christian vocation and to pass this on to our children.

As communication is an important aspect of community bonding, the purpose of this bulletin is to be a medium of communication. This is not to be used as a medium to express our anger, envy or frustrations, rather to be used to convey brotherly love, meekness and humility. This is to be a medium to encourage and appreciate the hidden positive outlooks existing in our community. This is to be used as a medium to deliver spiritual messages and to keep the community connected and updated on all its activities.

Finally on behalf of the editorial board I would like to thank everyone who has helped us in the process especially Cinto Antony for helping out with the layout and designs. As we all know the first step is the most challenging and therefore we would appreciate suggestions and constructive feedback from our community.

Yours Sincerely in Christ

**Maju Abraham**

# MESSAGE FROM THE Chaplain!



**Fr. Joy Thottankara C.Ss.R.**
Chaplain, Syro-Malabar
Catholic Mission Auckland.

"Go in to whole world," (Mark 16: 15). Taking this as a command from the Risen Lord, disciples went around sharing the good news about Jesus Christ.
We, Malayalees, are literally more faithful to this than any other group for we are omnipresent. We are in all parts of the world. New Zealand is one of the settlements for us. We have migrated to New Zealand during the past decade. The majority of us are from the Syro-Malabar Community. We encounter many challenges today such as good jobs, comfortable houses, the best educational institutions, new family traditions, and place for Sunday worship etc.

Migration and transplantation to a new culture brings changes in family values and in our attitudes. Many experience cultural shocks that we find it hard to come through the western culture and life-style. The children, who grow up in this culture, are almost getting absorbed into it. Parents tend to hold on to traditional family values as we have had back home in Kerala. We who are brought up in traditional catholic families also fear that the children will lose all the family values that they had upheld and cultivated. As a result of conflicting situations of parents upholding traditional values of our country and of children personalising certain ways and life style taken from schools, peer groups and the culture around, tensions arise in families on various issues. Some are confused with regard to what is right and what is wrong. Faith and existence of God is often questioned.

In this situation, the Syro-Malabar Catholic Mission here reaches out to the spiritual and social needs of the people. We have regular Sunday Qurbana at 5.00 pm, special Qurbana on feast days, Novenas and annual devotion of rosary prayers, catechetical formation, youth programs, family prayer meetings, annual parish retreat and social gatherings.

I have been here for the last six months as the chaplain. I am very happy to see many people whole heartedly participating in all the spiritual events in this community and bring their children for catechism classes. I feel that people are beginning to realise that working and making money is not the sole purpose of life but the spiritual life, growing in one's faith and establishing good relationship with others are also very important. I am very pleased to say that people are making sacrifices and sharing talents, time and resources for this purpose. Big thanks to your cooperation and support to me!

Rainbow, the news letter is an attempt to share our immense talents, gifts and resources with one another and to promote team work and unity in our mission. It is an instrument to pool and share our ideas together to create a family atmosphere in our context.

During this Christmas, the Publication of this news letter is a new milestone in the growth of our SM Mission as one family. Christmas is an event of God sharing his Son Jesus with us and dispelling the darkness. As I wish you all "A Happy Christmas and a Prosperous New Year", I ask you to support this new project. The name of the news letter reminds us to let our dreams flower like the RAINBOW and may we become blessings to one another!

The meaning and significance of the Name of the News Letter

Attending the annual Clergy retreat of the Diocese of Auckland was a unique experience to me. This was the first retreat that I attended outside India. As I was spending time in prayer and reflection I looked at the sky through the window of my room. I was really fascinated by the beautiful and blue sky and captivating cloud formation. As part of my daily prayers and meditation, I spent some time watching and enjoying the spectacular and fantastic sceneries. Then I opened the Bible, and was happy to read the passage from the book of Genesis 9:12-16, where God gives RAINBOW, as a sign of His Covenant with the people. God said: 'This is the sign of the Covenant that I make between me and you and every living creature that is with you, for all future generations. I have set my bow in the clouds, and it shall be a sign of the Covenant between me and the earth. When I bring clouds over the earth and the bow is seen in the clouds, I will remember my Covenant that is between me and you and every living creature of all flesh.' In baptism God has made a covenant with us. Our baptismal promise and faith has brought us here together as one family to worship and fellowship. Drawing inspiration from this text and reflecting upon our life, I thought RAINBOW is the best name for our news letter.

Moreover, New Zealand is a beautiful green country. It is a 'land of long white clouds.' It is a land of unique birds. The best known is the flightless kiwi, New Zealand's unofficial national symbol. Taking all these factors into consideration, we have chosen the name

RAINBOW for our News Letter. It is a reminder that we are here as part of God's providence and called to be a blessing for the other. Let our dreams brighten our lives like the RAINBOW.

## THE SYRO-MALABAR MAJOR ARCHIEPISCOPAL CHURCH OF ERNAKULAM-ANGAMALY

Varkey Cardinal Vithayathil, C.Ss.R.
Major Archbishop

26 November 2010

Prot. No: 1117/2010



I am very happy to learn from Rev. Fr. Joy Thottankara, C.Ss.R., that the Syro-Malabar Catholic Mission in the Diocese of Auckland is planning to bring out a News Letter named Rainbow in December. I appreciate this decision of the Syro-Malabar Mission which is in its initial stage, and hope that the publication of a News Letter would help to strengthen the relationship among the Syro-Malabar faithful. The participation in the liturgical celebrations alone may not be sufficient to build up a community, especially when the faithful are living in different parts of a diocese. Communion and Communication are important elements that build up a community and in that way the News Letter can also contribute greatly to the formation of the Syro-Malabar Community. May this News Letter be an effective means to serve the needs of the Syro-Malabar faithful and attain its objectives. Let the Spirit of God who enlightens the minds and hearts of man guide each of one you in this new venture. I invoke God's abundant blessings upon you and the mission.

**Varkey Cardinal Vithayathil**
Major Archbishop of the Syro-Malabar Church.

# MESSAGE FROM FR. ALEX VIRUTHAKULANGARA

Dear Fr.Joy and Members of the Auckland Syro-Malabar Catholic Mission,



Fr. Alex Viruthakulangara, C.Ss.R.

I am very happy to know that you are starting your News Bulletin. It is a clear sign of God's blessings and the growth of your community. With a clear vision and goal to become a self supportive Syro-Malabar community, you already have the basic structures like the leadership of an active council, prayer groups, well scheduled liturgical services, faith formation programme, children and youth activities etc. Under the spiritual leadership of Fr. Joy, assisted by the SM Council, I am sure the Community will achieve both spiritual and social growth.

However, as independent members of the community we should be extremely mindful of the social, spiritual and moral values that are contradictory to the social, spiritual and moral values that define our individuality as Syro Malabar Christians. Therefore, apart from being privileged to be part of the Syro Malabar Community it is our responsibility to dynamically support and encourage through your active participation in all its activities. We should feel the need for this community from deep within. I pray that the SM mission may help you to grow in our faith and traditions.

I feel extremely happy and honoured to have served you for the last three years. During my tenure, I experienced a lot of love and support from you all. Many of you have put in a lot of hard work and energy to build up the community to where it stands today. I express my sincere gratitude and pray that "the good Lord who began this good works among you gives you sufficient grace to further grow and flourish as a community".

I wish you all the best and may God bless you all.

**Fr. Alex Viruthakulangara, C.Ss.R.**

# Message from BISHOP PATRICK DUNN



To all members of the Syro-Malabar community in Auckland I offer my warmest greetings.

Thank you for all that you contribute to the life of the Church in our diocese. May God bless our efforts during 2011 to live our Faith and to lead those we meet to know Jesus, to love Him and to walk in His ways.

Your sincerely in Christ,

Patrick Dunn
Bishop of Auckland

# സ്വാതന്ത്ര്യ ദിനാഘോഷവും സ്വർഗ്ഗാരോപണ തിരുനാളും

ഓക്‌ലാൻഡ് സീറോമലബാർ മിഷന്റെ ആഭിമുഖ്യത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 63-ാം വാർഷികവും ഭാരതറാണിയായ പരിശുദ്ധദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും സംയുക്തമായി ആഘോഷിച്ചു. ഓഗസ്റ്റ് 15-ാം തീയതി ഞായറാഴ്ച വൈകിട്ട് 4.45ന് (ഇന്ത്യൻ സമയം രാവിലെ 11.15ന്) സീറോ മലബാർ മിഷൻ ചാപ്ലിൻ ഫാ. ജോയി തോട്ടങ്കര ഇന്ത്യൻ പതാക ഉയർത്തി. തുടർന്ന് സൺഡേ സ്കൂൾകുട്ടികൾ ദേശീയഗാനം ആലപിക്കുകയും പതാക വന്ദിക്കുകയും ചെയ്തു. ദിവ്യ ആന്ത്രപ്പേർ ചൊല്ലിക്കൊടുത്ത പ്രതിജ്ഞ ദേശീയപതാക കൈയ്യിലേന്തി ദേശഭക്തിയോടെ കുട്ടികൾ ഏറ്റുചൊല്ലി. തുടർന്ന് എല്ലാവർക്കും മധുരം നൽകി. 5 മണിക്ക് ഫാദർ ജോയിയുടെ കാർമികത്വത്തിൽ ആഘോഷമായ പരിശുദ്ധ കുർബ്ബാനയും ലദീഞ്ഞും നടത്തപ്പെട്ടു. കുർബ്ബാനയ്ക്കു ശേഷം ചായ സത്ക്കാരം നടത്തി. തിരുനാളിലും സ്വാതന്ത്ര്യദിനാഘോഷത്തിലും പങ്കെടുത്ത എല്ലാവർക്കും നന്ദി അർപ്പിക്കുന്നതായി ഫാ. ജോയി തോട്ടങ്കര പറഞ്ഞു. പരിപാടികൾക്ക് ട്രസ്റ്റിമാരായ പോൾ ജോസഫ്, സാജൻ വെളിയത്ത്, പാരീഷ് കൗൺസിൽ അംഗങ്ങൾ, സൺഡേസ്കൂൾ അധ്യാപകർ എന്നിവർ നേതൃത്വം നൽകി.



# വിശുദ്ധരിലൂടെ വിശുദ്ധിയിലേയ്ക്ക്

സീറോമലബാർ മിഷൻ സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ 'വിശുദ്ധിയിലേയ്ക്ക് വളരാൻ വിശുദ്ധരെ അടുത്തറിയുക' എന്ന പേരിൽ ഒരു പഠന പരിപാടി ആരംഭിച്ചു. ഇതനുസരിച്ച് ഓരോ മാസവും സൺഡേ സ്കൂൾ കുട്ടികൾ ഏതെങ്കിലും ഒരു വിശുദ്ധനെയോ വിശുദ്ധയെയോക്കുറിച്ച് ആഴത്തിൽ പഠിക്കുകയും ധ്യാനിക്കുകയും ചെയ്യും. ജൂലൈ മാസത്തിൽ ഇന്ത്യയിലെ ആദ്യത്തെ വിശുദ്ധയായ വിശുദ്ധ അൽഫോൻസാമ്മയെക്കുറിച്ച് പഠിച്ച്, കുട്ടികൾ തയ്യാറാക്കിയ ലേഖനങ്ങളിൽനിന്നും പോസ്റ്ററുകളിൽനിന്നും മികച്ചവ തിരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകി. വിബിൻ വിൽസൺ, സീന സെബാസ്റ്റ്യൻ, ഗ്ലോറി ക്ലമന്റ്, എബിൻ തോമസ്, അലീഷ മാത്യു, സ്റ്റീവ് വെളിയത്ത്, അലീന മാത്യു, ഹാരീസ് ടോമി, ജൂലിയറ്റ്, സെബാസ്റ്റ്യൻ, അഗസ്റ്റിൻ ജോജി എന്നിവരാണ് സമ്മാനർഹരായത്. ആഗസ്റ്റ് മാസത്തിൽ ദിവ്യരക്ഷകസഭാ സ്ഥാപകനായ വിശുദ്ധ അൽഫോൻസ് ലിഗോരിയെക്കുറിച്ചാണ് കുട്ടികൾ പഠിക്കേത് എന്ന് ചാപ്ലിൻ ഫാ. ജോയി തോട്ടങ്കര CSs.R അറിയിച്ചു. വിശുദ്ധ അൽഫോൻസാമ്മ സഭാവസ്ത്രം സ്വീകരിച്ചത് വിശുദ്ധ അൽഫോൻസ് ലിഗോരിയുടെ തിരുനാൾ ദിനം ആയിരുന്നുവെന്നും വിശുദ്ധന്റെ പേരിൽ നിന്നാണ് അന്നക്കുട്ടി 'അൽഫോൻസ' എന്ന സഭാനാമം സ്വീകരിച്ചതെന്നും ജോയി അച്ചൻ പറഞ്ഞു. ഓരോ മാസാവസാനവും കുട്ടികൾ തയ്യാറാക്കുന്ന ലേഖനങ്ങളോ പോസ്റ്ററുകളോ അതാത് ക്ലാസ്സ് അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകുന്നതാണെന്ന് ഫാ.ജോയി അറിയിച്ചു. വിശുദ്ധ അൽഫോൻസ് ലിഗോരിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ www.cssr.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**റജി ചാക്കോ**



St. Alphonsa




St. Maria Goretti

**എല്ലാ മാസവും വിശുദ്ധരെക്കുറിച്ചുള്ള പഠനത്തിൽ ഏറ്റവും നന്നായി അവതരിപ്പിക്കുന്ന ലേഖനം ന്യൂസ് ലെറ്ററിന്റെ സൺഡേസ്കൂൾ വിഭാഗത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.**

## സാന്തോം യൂത്ത്

ഒക്‌ലാൻഡ് സീറോമലബാർ കാത്തലിക് മിഷന്റെ യുവജനവിഭാഗം "സാന്തോം യൂത്തിന്റെ" ആഭിമുഖ്യത്തിൽ ആഗസ്റ്റ് 14-ന് ശനിയാഴ്ച വൈകിട്ട് 5 മുതൽ 8 വരെ മൗണ്ട് വെല്ലിംഗ്ടൺ കാത്തലിക് പള്ളിയിൽ വച്ച് സായാഹ്നപ്രാർത്ഥനയും, ആരാധനയും, ക്ലാസ്സുകളും നടത്തപ്പെട്ടു. ഇന്ത്യൻ സ്വാതന്ത്ര്യദിന തലേനാൾ "എന്താണ് സ്വാതന്ത്ര്യം" എന്ന വിഷയത്തെ ആസ്പദമാക്കി ഫാ.ജോയി തോട്ടങ്കര നയിച്ച ക്ലാസ്സ് വളരെയേറെ അവസരോചിതവും ഫലപ്രദവുമായിരുന്നുവെന്ന് ക്യാമ്പിൽ പങ്കെടുത്ത യുവതിയുവാക്കൾ അഭിപ്രായപ്പെട്ടു. 30-ഓളം യുവജനങ്ങൾ പങ്കെടുത്ത ഈ പരിപാടിക്ക് യൂത്ത് ആനിമേറ്റർമാരായ മജു അബ്രഹാം, ലിസ ജോൺസൺ, സാന്തോം യൂത്ത് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. യുവാക്കൾക്ക് കുമ്പസാരിക്കുന്നതിനുള്ള അവസരവും ഒരുക്കിയിരുന്നു. എല്ലാ മാസത്തിലും ഈ പരിപാടി തുടർച്ചയായി നടത്തുന്നതാണെന്ന് സാന്തോം യൂത്ത് ഡയറക്ടർ ഫാ.ജോയി തോട്ടങ്കര അറിയിച്ചു. 15 വയസ്സിനു മുകളിൽ പ്രായമുള്ള വിവാഹിതരല്ലാത്ത എല്ലാ യുവതീയുവാക്കളെയും, ഈ പരിപാടിയിലേയ്ക്ക് സ്വാഗതം ചെയ്യുന്നതായി അച്ചൻ പറഞ്ഞു.

# കൊന്തനമസ്കാരവും ആരാധനയും



Statue of Our Lady Decorated by Santhom Youth



Sunday School Children Lead the Rossary

കേരള കത്തോലിക്ക സഭയിലെ ഏറ്റവും പുരാതനമായ ഒരു പ്രാർത്ഥനാരീതിയാണ് കൊന്തനമസ്കാരം. സീറോമലബാർ കാത്തോലിക് മിഷന്റെ ആഭിമുഖ്യത്തിൽ ഇദം പ്രഥമമായി, ഓക്‌ലാൻഡിൽ 10 ദിവസത്തെ കൊന്തനമസ്കാരവും ആരാധനയും നടത്തപ്പെട്ടു. ഒക്ടോബർ 1 മുതൽ 10 വരെ തീയതികളിൽ മൗണ്ട് വെല്ലിംങ്ങ്ടൺ കാത്തലിക് പള്ളിയിൽ വച്ചാണ് കൊന്തനമസ്കാരം നടത്തിയത്. എല്ലാ ദിവസവും ആഘോഷമായ ദിവ്യബലിക്കുശേഷം പരിശുദ്ധ കുർബ്ബാന എഴുന്നള്ളിച്ചുവച്ചുള്ള ആരാധനയും തുടർന്ന് ജപമാലയും നടത്തപ്പെട്ടു. ഞായറാഴ്ചകളിൽ സൺഡേസ്കൂൾ കുട്ടികളും, മറ്റു ദിവസങ്ങളിൽ സന്തോം യൂത്ത് അംഗങ്ങളുമാണ് ജപമാലക്കു നേതൃത്വം നൽകിയത്. സമാപനദിവസമായ ഒക്ടോബർ പത്തിന് ആഘോഷമായ ദിവ്യബലിയിൽ ഫാ. ജോയി തോട്ടങ്കര മുഖ്യ കാർമ്മികത്വം വഹിച്ചു. സഹകാർമികനായിരുന്ന ഫാ. മാത്യു വെട്ടിക്കുഴിക്കാട്ടിൽ വചനസന്ദേശം നൽകി. ജപമാല സമാപനത്തോടനുബന്ധിച്ച് നേർച്ച, പാച്ചോർ വിതരണവുമുായിരുന്നു.

തലമുറകളായി കൈമാറി വരുന്ന ഈ ആരാധനാരീതിയെ പുതിയ തലമുറക്കു പരിചയപ്പെടുത്തുവാനും, മാതാവിലൂടെ ഈശോയിലെത്തുവാൻ അവരെ സഹായിക്കുവാനും ഈ കൊന്തനമസ്കാരം ഒട്ടേറെ ഉപയോഗപ്രദമായി. നൂറുകണക്കിന് വിശ്വാസികൾ ദിവസേന പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിച്ചു. ട്രസ്റ്റിമാരായ സാജൻ വെളിയത്ത് പോൾജോസഫ് പാരീഷ് കൗൺസിൽ അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## NEWS FROM THE WHANGAREI COMMUNITY

**Marshal Joseph**

The Syro-Malabar Community at Whangerei consists of around 30 families. We are very happy that Fr. Joy Thottankara CSsR, the Chaplain of the Community, visited us and blessed our houses on November 3rd and 4th 2010. On Nove 4th we had a community meeting in the presence of Fr. Joy Thottankara CSsR, in which Savio Joseph, Marshal Joseph and George Mathew were elected as councillors for the SM Community, Whangerei.
We have Syro-Malabar Qurbana on First Tuesday of every month at 6.00pm. Before the holy Qurbana, we have faith formation classes for our children at 5.00pm in the Church. We come together as a Community for Holy Rosary and Novena to Our Mother of Perpetual Succour on every Tuesday at 8.00pm. We are happy that we are growing spiritually and in community spirit as well.
On behalf of our Council here, I thank you all for your cooperation and I wish you all 'Happy Christmas and Blessed New Year.'

# We are Moving ...




Syro Malabar Church has been progressively developing since the last three years mainly due to the prayers and wholehearted support of the members of the Syro Malabar community. In this season of joy and happiness, we have good news...we have been allocated a church at Epsom!!!!!

As Fr. Joy said, we have been praying for a long time to achieve this goal. Families and prayer groups of our community in different parts of Auckland have been seeking the intercession of our mother of perpetual help. Finally as a result, the confirmation of Epsom church came during the advent season of 2010.

Epsom Church is beautiful and centrally located in the Auckland. It is large enough to accommodate all our parishioners. Our new church will have better facilities, like ample place for catechism classes, playground, and great dining hall for parishioners. Epsom Church dates back to 1920 and it is one of the holistic churches with so many Masses having been offered at its sacred alter and is sure to bring us divine blessings.



Fr. Joy has been appointed as the Asst. Parish Priest at the Epsom and we will offer our first Mass at Epsom on 6th Feb 2011, at 5 PM. The location of the church is as follows:-

Our Lady of Sacred Heart
19, Banff Ave, Epsom
Auckland. Tel 6303956



**Fr. Pat Ward**
Parish Priest



**Paul Joseph**
Trustee- SMCM, Auckland

We thank Bishop Patrick, Msgr David Tonks, and the parish priest Fr. Pat Ward who had been helpful to us. We appreciate Fr. Peter who had supported Syro Malabar Mission and Fr. Mika of Mount Wellington who had whole heartedly accommodated us at Mt Wellington. Last but not the least we thank Fr. Alex Viruthakulangara who had spear headed this mission.

We pray for the intercession of our Mother Mary and St. Thomas that this spiritual journey continues in this oceanic region.

## 2011 ഫെബ്രുവരി

**6 ഞാ. പ്രത്യക്ഷവത്കരണം അഞ്ചാം ഞായർ**

നിയ 18:9-13 (18:9-22) കർത്താവിന്റെ മുമ്പിൽ കുറ്റമറ്റവനായിരിക്കുക.

ഏശ 48:12-20 ദുഷ്ടർക്ക് ഒരിക്കലും സമാധാനമുണ്ടാവുകയില്ല.

യോഹ 3:1-15 (3:1-21) ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കണം.

**13 ഞാ. പ്രത്യക്ഷവത്കരണം ആറാം ഞായർ**

നിയ 24:9-22 വിവിധ നിയമങ്ങൾ.

ഏശ 63:7-16 ജനത്തെ വീണ്ടെടുത്ത കർത്താവ്.

ഹെബ്രാ 8:1-6 (8:1-9:10) പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായ മിശിഹാ.

യോഹ 3:22-36 (3:22-4:3) മിശിഹായ്ക്ക് മുന്നോടിയായ യോഹന്നാൻ.

**20 ഞാ. പ്രത്യക്ഷവത്കരണം ഏഴാം ഞായർ**

നിയ 14:22-15:4 (14:2-15:4) നിന്റെ ദൈവമായ കർത്താവ് നിന്നെ അനുഗ്രഹിക്കും.

1 തിമോ 6:17-21 (6:9-21) സൽപ്രവൃത്തികളിൽ സമ്പന്നരും വിശാലമനസ്കരും.

മത്താ 8:5-13 (7:28-8:13) നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ.

**27 ഞാ പ്രത്യക്ഷവത്കരണം എട്ടാം ഞായർ**

പുറ 15:22-26 മാറായിലെ വെള്ളം.

എഫേ 1:15-23 (1:15-2:7) മിശിഹാ മഹോന്നതൻ.

മർക്കോ 1:1-8 (1:1-11) അവന്റെ ചെരിപ്പിന്റെ വള്ളി അഴിക്കാൻ ഞാൻ യോഗ്യനല്ല.

## 2011 മാർച്ച്

### നോമ്പുകാലം

ഈശോയുടെ പരസ്യജീവിതത്തിന്റെ അവസാനത്തിലാണല്ലോ രക്ഷാകരകർമ്മങ്ങളുടെ പരിസമാപ്തി കുറിക്കുന്ന അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവും. പ്രത്യക്ഷവത്കരണകാലത്തിനും ഉയിർപ്പുതിരുനാളിനും ഇടയ്ക്കുള്ള ഏഴ് ആഴ്ചകൾ പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കിവച്ചിരിക്കുന്നു. ഈശോയുടെ നാല്പതു ദിവസത്തെ ഉപവാസമാണ് 'വലിയ നോമ്പ്' എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലത്തിന്റെ അടിസ്ഥാനം. എങ്കിലും നാം സാധാരണയായി 'അമ്പതുനോമ്പ്' എന്നാണ് ഈ കാലത്തെ വിളിക്കുക. പക്ഷേ, മാർത്തോമ്മാ ക്രിസ്ത്യാനികൾ 'പേത്തുർത്താ' ഞായർ മുതൽ ഉയിർപ്പുതിരുനാൾവരെ നോമ്പുനോക്കിയിരുന്നതാകാം 'അമ്പതു നോമ്പ്' എന്നു പറയാനുള്ള കാരണം. 'പേത്തുർത്താ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'തിരിഞ്ഞുനോക്കൽ', 'അനുരഞ്ജനം' എന്നൊക്കെയാണ്. അനുതാപത്തിനും അനുരഞ്ജനത്തിനുമായി പ്രത്യേകം മാറ്റിവയ്ക്കപ്പെട്ടിരിക്കുന്ന സമയമാണല്ലോ നോമ്പുകാലം.

മാമ്മോദീസാ വഴി ദൈവമക്കളും പുതിയ മനുഷ്യരുമായിത്തീർന്ന നാം പാപം വഴി ദൈവത്തിൽനിന്നകന്നു. മനുഷ്യന്റെ പാപവും അതിന്റെ അനന്തരഫലങ്ങളും അനുതാപത്തിന്റെയും മനഃപരിവർത്തനത്തിന്റെയും ആവശ്യകതയും, അനുതപിക്കുന്ന പാപികളോടു ദൈവം കാണിക്കുന്ന അനന്തമായ സ്നേഹവും കാരുണ്യവും, ഈശോമിശിഹായുടെ പീഡാനുഭവം, മരണം, സംസ്കാരം എന്നിവയും ഈ കാലത്തിലെ ചിന്താവിഷയങ്ങളാണ്. ദൈവവുമായും മനുഷ്യർ തമ്മിൽത്തമ്മിലും അനുരഞ്ജിതരാകേണ്ടതിന്റെ ആവശ്യകതയിലേക്കു നോമ്പുകാലം പ്രത്യേകമായി ശ്രദ്ധ തിരിക്കുന്നു. അതുകൊണ്ടാണ് ഈ അവസരത്തിൽ അനുരഞ്ജനമെന്ന കൂദാശ സ്വീകരിക്കാൻ സഭ വിശ്വാസികളെ പ്രേരിപ്പിക്കുക.



## 2011 മാർച്ച്

**6 ഞാ നോമ്പ് ഒന്നാം ഞായർ**

ഇന്ന് പാതിരാ മുതൽ നോമ്പാരംഭം. (നാളെ ഉപവാസദിനം)
നാളെ മുതൽ ഉയിർപ്പുവരെ വിവാഹാഘോഷം മുടക്ക്.

പുറ 34:1–7, 27–28 (34:1–7, 27–35) അനുതാപവും ഉപവാസവുംവഴി പാപപരിഹാരം.
എഫേ 4:17–32 (4:17–5:4, 15–21) മിശിഹായിൽ നവജീവിതം.
മത്താ 4:1–11 (3:16–4:11) പരീക്ഷിക്കപ്പെടുന്ന ഈശോ.

**7 തി നോമ്പാരംഭം (ഉപവാസദിനം)**

വിഭൂതി – അനുതാപശുശ്രൂഷ
(നോമ്പാരംഭ ശുശ്രൂഷയുടെ കർമ്മക്രമം കാണുക)

ഉത്പ 3:1–19 ആദിമാതാപിതാക്കളുടെ പാപം.
യോനാ 3:1–10 നിനെവെയുടെ മാനസാന്തരം.
1 യോഹ 3:1–10 പാപം ചെയ്യുന്നവൻ പാപത്തിന്നടിമ.
മത്താ 3:1–12 മാനസാന്തരപ്പെടുക.

**13 ഞാ നോമ്പ് രാം ഞായർ**

അടുത്ത ശനിയാഴ്ച വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ.

ഉത്പ 5:19–31 മനുഷ്യൻ മരണവിധേയൻ.
റോമാ 6:1–14 (6:1–23) മിശിഹായിൽ നവജീവിതം.
മത്താ 7:15–27 നല്ല ഫലം കായ്ക്കാത്ത വൃക്ഷം വെട്ടി തീയിലെറിയപ്പെടും.

**20 ഞാ നോമ്പ് മൂന്നാം ഞായർ**

ഉത്പ 7:1–24 ജലപ്രളയം.
റോമാ 7:14–25 തിന്മയ്ക്കെതിരായ പോരാട്ടം.
മത്താ 20:17–28 ഒന്നാമൻ ഏവരുടെയും ദാസൻ.

**25 വെ മംഗലവാർത്തത്തിരുനാൾ**

പുറ 15:11–21 (15:1–21 + മിക്കാ 6:1–5 + ജെറെ 31:13–17)സർവ്വശക്തനായ ദൈവം.
ഹെബ്രാ 1:1–13 (1:1–13 + 2:16–18) സ്വപുത്രനിലൂടെ സംസാരിച്ച ദൈവം.
ലൂക്കാ 1:26–38 മംഗലവാർത്ത

**27 ഞാ നോമ്പ് നാലാം ഞായർ**

ഉത്പ 11:1–32 ബാബേൽ ഗോപുരം.
റോമാ 8:12–17 (8:12–21) ദൈവമക്കളെപ്പോലെ ജീവിക്കുക.
മത്താ 21:33–46 (21:23–46) ഫലങ്ങൾ നൽകുന്നവരാകുക.

## 2011 ഏപ്രിൽ

**3 ഞാ നോമ്പ് അഞ്ചാം ഞായർ**

ഉത്പ 16:1–16 ഹാഗാറിന്റെ നിലവിളി കേട്ട ദൈവം.
റോമാ 12:1–8 (12:1–21) ക്രിസ്തുവിൽ നവജീവിതം.
യോഹ 8:12–20 (7:37–52 + 8:12–20) ലോകത്തിന്റെ പ്രകാശമായ മിശിഹാ.

**10 ഞാ നോമ്പ് ആറാം ഞായർ**

ഉത്പ 19:9–26 (19:1–7, 9–26) ലോത്ത് സോദോം വിടുന്നു.
റോമാ 14:13–23 സഹോദരന് ഇടർച്ച വരുത്തരുത്.
യോഹ 10:11–18 (9:39–10:21) ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്ന ഇടയൻ.






# ജ്ഞാനികൾ ഇന്നും അവിടുത്തെ അന്വേഷിക്കുന്നു

സമസ്തലോകത്തിനും രക്ഷകനായി ഭൂമിയിലവതരിച്ച ദൈവപൈതലിനെ അന്വേഷിച്ച്, പൗരസ്ത്യദേശത്തുനിന്നും വന്ന "ജ്ഞാനികളായ" രാജാക്കന്മാരെക്കുറിച്ചുള്ള വിവരണം വി. മത്തായിയുടെ സുവിശേഷത്തിൽ മാത്രമുള്ളതാണ്. അവരുടെ വിജ്ഞാനം പൂർണ്ണമല്ലാതിരുന്നതിനാലാണ് രക്ഷകനെ അന്വേഷിച്ച് അവർ ആദ്യം "രാജകൊട്ടാരങ്ങളിൽ" അലഞ്ഞത്. എന്നാൽ കാലിത്തൊഴുത്തിൽ പിറന്ന രക്ഷകനെ കണ്ടെത്തിക്കഴിഞ്ഞപ്പോൾ അവർ നന്മയും തിന്മയും വേർതിരിച്ചറിയുന്നതിനുള്ള പൂർണ്ണജ്ഞാനം നേടിയതായും, മടക്കയാത്രയിൽ ഹേറോദോസിന്റെ കൊട്ടാരം ഒഴിവാക്കി യാത്രയാകുന്നതായും നമുക്ക് കാണാം.

അന്നും ഇന്നും എന്നും യഥാർത്ഥ ജ്ഞാനികൾ ദൈവത്തെ അന്വേഷിക്കുന്നു. അല്പജ്ഞാനികൾ അവിടുത്തെ നിഷേധിക്കുന്നു. വി.ബൈബിൾ പറയുന്നു. 'ദൈവഭക്തിയാണ് ജ്ഞാനത്തിന്റെ ഉറവിടം; പരിശുദ്ധനായവനെ അറിയുന്നതാണ് യഥാർത്ഥ അറിവ്' (സുഭാ: 9:10). 'ദൈവഭക്തി ജ്ഞാനത്തിനുള്ള പരിശീലനമാണ്'(സുഭാ: 15:33). 'എല്ലാ ജ്ഞാനവും ദൈവഭക്തിയിലടങ്ങുന്നു' (പ്രഭാ: 19:20).

ഏതൊരുവനും പൂർണ്ണമായ ജ്ഞാനം നേടുന്നത് ദൈവത്തെ പൂർണ്ണമായി അറിയുമ്പോഴാണ്. അതിനുള്ള ആദ്യപടിയാണ് "പൂർണ്ണ ഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണ ആത്മാവോടും" കൂടെ അവിടുത്തെ അന്വേഷിക്കുക എന്നത്. തിരുപ്പിറവിയുടെ ഓർമ്മ പുതുക്കുന്ന ഈ കാലത്ത്, നമുക്കും അവിടുത്തെ അന്വേഷിക്കുന്നവരാകാം. അങ്ങിനെ പരിപൂർണ്ണനായ ദൈവത്തെ പൂർണ്ണമായി അറിയുന്നതിലൂടെ നമ്മുടെ അജ്ഞാനം അകറ്റാനും വിജ്ഞാനം നേടാനും നമുക്കും സാധ്യമാകും.

നമ്മുടെ കുഞ്ഞുങ്ങളെ ഈ പൂർണ്ണമായ അറിവിലേയ്ക്ക് നയിക്കാനുള്ള കൂട്ടായ യത്നത്തിന്റെ ഭാഗമാണ് വേദപാഠക്ലാസ്സും 2 വർഷം മുമ്പ് 40 കുട്ടികളും 4 ക്ലാസ്സുകളുമായി ആരംഭിച്ച നമ്മുടെ സൺഡേ സ്കൂൾ ഇന്ന് 120 കുട്ടികളും 10 ക്ലാസ്സുകളുമായി ബഹുദൂരം മുന്നേറിക്കഴിഞ്ഞു. വിശ്വാസപരിശീലന ക്യാമ്പുകൾ, ബൈബിൾ ക്വിസ്, ആർട്ട്ഫെസ്റ്റ്, വിശുദ്ധരെക്കുറിച്ചുള്ള പഠനപരിപാടി എന്നിവയിലൂടെ നമ്മുടെ കുട്ടികളെ ദൈവത്തെ അന്വേഷിക്കുന്നവരാക്കുവാൻ ഒരു പരിധിവരെ നമുക്ക് കഴിയുന്നുണ്ട്.

നമുക്കിപ്പോഴും ഒരുപാട് പരിമിതികളുണ്ട്. ഈ പരിമിതികൾക്കുള്ള നിന്നു കൊണ്ടുതന്നെ, സൺഡേസ്ക്കൂൾ ടീച്ചേഴ്സ് തങ്ങളുടെ കഴിവിന്റെ പരമാവധി, നമ്മുടെ കുട്ടികളുടെ വിശ്വാസ പരിശീലനത്തിനായി, പരിശ്രമിക്കുന്നു. ത്യാഗം ചെയ്യുന്നു. നമുക്കവരെ പ്രോത്സാഹിപ്പിക്കാം. അവർക്കുവേണ്ടി പ്രാർത്ഥിക്കാം.

നമുക്കിനിയും ഒരുപാടു മുന്നേറാനുണ്ട്. നിങ്ങളേവരുടെയും സഹായസഹകരണങ്ങളും നിർദ്ദേശങ്ങളും പ്രാർത്ഥനകളും തുടർന്നും ഉണ്ടാവണം. കേവലം, ഭൗതിക വിജ്ഞാനമുള്ളവരായി മാറാതെ, പരിശുദ്ധനായവനെ അറിയുന്നതിലൂടെ, പൂർണ്ണ വിജ്ഞാനമുള്ളവരെ നമ്മുടെ വരുംതലമുറയെ നമുക്ക് വാർത്തെടുക്കാം.



**റജി ചാക്കോ ആനിത്തോട്ടം**
**SMCM Sunday school**

നമുക്ക് പ്രാർത്ഥിക്കാം. "ഞങ്ങളുടെ കുഞ്ഞുങ്ങളെ ദൈവത്തെ അന്വേഷിക്കുന്നവരാക്കുവാനുള്ള ഈ ഉദ്യമത്തിൽ, അമ്മേ മാതാവേ, ഞങ്ങൾക്കുവേണ്ടി എന്നും മാദ്ധ്യസ്ഥം വഹിക്കേണമേ. സഹനത്തിന്റെ മാതൃകയായ വിശുദ്ധ അൽഫോൻസാമ്മേ, വിശ്വാസപരിശീലനത്തിനുവേണ്ടി ത്യാഗം സഹിക്കുന്നവരാകുവാൻ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ."




വിശുദ്ധരിലൂടെ വിശുദ്ധിയിലേയ്ക്ക്

Towards Holiness Through the life of Saints

# St. Maria Goretti

## The Patroness of Modern Youth

**Liza Johnson**



Maria Goretti was the daughter of humble sharecroppers from Italy. Luigi Goretti and Assunta Carlini. In 1899, Maria and her family moved to a little town of Ferriere, Italy in search of work and lived in a house that was shared by Signor by Serenelli and his son named Alessandro, with whom Luigi Goretti had business interests.

After her father's death, Maria's mother Assunta took up her husband's job in the fields while Maria took over her mothers role of caring for her siblings. Through all the difficulties that they faced Maria did her best. She was a beautiful, mature, intelligent and charming young girl,who very happily accepted the chores of her home and family. She grew up in "wisdom, age and grace before God and men." Being very poor and unable to afford to pay for Masses in her father's memories, every night Maria would recite the five Mysteries of the Rosary Communication which she was waiting for with great patience and prayer.

But Maria had a thorn in her side and that was Alessandro Serenelli, who was lost to the darkness of passion and evil thoughts and images that always lead him to SIN. On several occasions he tried to lure little Maria and made advances and harassed her with his impure suggestions. But Maria always refused and avoided him. She was afraid of him.

On July 5, 1902, not wanting to be denied by Maria again, he started making his sexual advances towards Maria, who refused shouting, "No! It is a sin! God does not want it!"

Alessandro filled with anger and madness stabbed Maria 14 times.

Maria spent 20 painful hours suffering and finally died on June 6, 1902 looking up at a picture of the Blessed Mother. She prayed and forgave Alessandro and appeared to him in a vision and gave him lillies. Almost fifty years later on June 24, 1950, Pope Pius XII pronounced Maria Goretti a Saint and Martyr of the Universal Church to half a million people.

St. Maria Goretti is the Patroness of Modern Youth. Her deep love for God, respect for her body (Temple of God), courage, obedience and Christ life forgiveness has touched the lives of people. She chose death rather than betray God and thus preserved her virginal purity.

A young man by the name of Brideau, who got his job back after praying to St. Maria Goretti once said, "She is important because she is a saint who knew God so well. She is someone to pray to whom understands the problems of youth and realizes the importance of faith for young people."

In a beautiful homily commemorating the 100th anniversary of the birth of St. Maria Goretti, Pope John Paul II quoted St.Paul: "God chose what is foolish in the world to shame the strong, God chose what is low and despised in the world, even things that are not, to bring to nothing things that are, so that no human being might boast in the presence of God" (1 Cor. 1:27-29).

God chose the simple poor little country girl and clothed her with honour by the power of His Spirit.



# Saint Therese

**Lillykutty John Anthraper**

## 'The Little Flower of Lisieux'

Therese Martin was the last of nine children born on January 2 1873 in France. At the age of 15 she entered the Carmelite convent in Lisieux to dedicate her whole life to God. She took the religious name 'sister of the child Jesus and the Holy face', living in a hidden, simple life of prayer. She was gifted with great intimacy with God.

Therese believed love is to be shown by deeds; (so that one can express his/her love to God through little sacrifices, every glance and word). She took every chance to sacrifice, no matter how small it would be.

She wanted to achieve holiness in the life she led, and always wanted to be a saint, Charity gave her key to her vocation. She died on 30th September 1897, at the age of 24. She was suffering from TB and used to cough up blood sometimes. Even in severe pain, she tried to remain smiling and cheerful. Her inspiration and powerful presence from heaven touched many people very quickly. She was canonised by Pope Pius XI on May 17, 1925. Her mission was to make God loved by doing well on Earth. Countless millions have been touched by her intercession and imitate her "little way."

She was acclaimed as the 'greatest saint of modern times.' In 1997, Pope John Paul II declared St. Therese, a doctor of the church in tribute to the powerful way her spirituality had influenced people all over the world. Therese's 'little' way of trusting in Jesus to make her holy and relying on small and daily sacrifices, instead of great deeds, appealed to thousands of Catholics and other who were trying to find holiness in ordinary lives. Her life is a reminder to all who feel that they can do nothing. The little things we can do are the ones that keep God's kingdom growing.

# അന്നയുടെ 'X'mas സമ്മാനം



**ആൻസ് മാത്യു**

'X'mas എന്നു കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ ആദ്യം ഓടിയെത്തുന്നത് ഉണ്ണിയേശുവും, പുൽക്കൂടും, സന്താക്ലോസ്സും കൈ നിറയെ സമ്മാനങ്ങളുമാണല്ലോ. പക്ഷേ ഇതാ ഇവിടെ അന്ന മോൾക്ക് 'X'mas സമ്മാനമായി കിട്ടിയതെന്തെന്ന് കേട്ടോളൂ.

അന്ന 6-ാം ക്ലാസ്സിൽ പഠിക്കുന്ന നല്ല മിടുക്കിയായ കൊച്ചു കലാകാരിയാണ്. പഠിത്തത്തിലും അവൾ മുൻപന്തിയിലായിരുന്നു. അന്നക്ക് അവളുടെ അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അച്ചൻ അവളുടെ ചെറുപ്പത്തിലേ മരിച്ചുപോയിരുന്നു. പിന്നീട് കുടുംബം പുലർത്താൻ അവളുടെ അമ്മ അടുത്ത വീട്ടിൽ വേലയ്ക്ക് പോയിരുന്നു. ആ വീട്ടിലെ സൂസനും അന്നയുടെ ക്ലാസ്സിലാണ് പഠിക്കുന്നത്. സൂസനും അവളുടെ കൂട്ടുകാർക്കും അന്നയോട് അതിയായ കുശുമ്പ് തോന്നിയിരുന്നു. കാരണം അന്ന ടീച്ചർമാരുടെ കണ്ണിലുണ്ണിയും പഠിത്തത്തിൽ മിടുക്കിയുമാണ്. സൂസനും കൂട്ടരും എപ്പോഴും അന്നയുടെ അമ്മ അവളുടെ വീട്ടിലെ പണിക്കാരിയാണെന്നു പറഞ്ഞു കളിയാക്കുമായിരുന്നു. അന്നയെ അതു വല്ലാതെ വേദനിപ്പിച്ചിരുന്നു. ഒരു ദിവസം അന്ന അവളുടെ അമ്മയോട് ഈ വിഷമം അറിയിച്ചു. തന്റെ മകളുടെ വിഷമം കണ്ട് അമ്മ പറഞ്ഞു "മകളേ എന്തു വിഷമമുണ്ടെങ്കിലും" ദൈവത്തിനു സമർപ്പിക്കുക കാരുണ്യവാനായ അവൻ നമ്മുടെ വിഷമം കേൾക്കാതിരിക്കില്ല.

പിറ്റേന്ന് ഒരാൾ അന്നയുടെ അമ്മയെ കാണാൻ വന്നു. ഭാസ്കരൻചേട്ടന്റെ വീട്ടിലെ വേലക്കാരനായിരുന്നു അയാൾ. അയാൾ പറഞ്ഞു. ഭാസ്കരൻ ചേട്ടന്റെ വീട്ടിൽ കൊയ്ത്തു നടക്കുകയാണ്. അവരുടെ സ്ഥിരം പണിക്കാരി റാണിച്ചേച്ചിയുടെ മകൾ പ്രസവിച്ചു. അതുകൊണ്ട് റാണിച്ചേച്ചി പണിക്കുവരില്ല. ഭാസ്കരൻ ചേട്ടനെ നിങ്ങൾക്ക് സഹായിക്കാമോ എന്നു ചോദിച്ചു. കേട്ടപാതി കേൾക്കാത്ത പാതി അമ്മ തോർത്തുമെടുത്ത് ഇറങ്ങി. അൽപ്പം നടന്നിട്ട് തിരിഞ്ഞുനോക്കി അമ്മ അന്നയോട് പറഞ്ഞു. 'കണ്ടോ മോളേ, ഇനിമുതൽ അമ്മ സൂസന്റെ വീട്ടിൽ പണിക്കു പോകുന്നില്ല' അന്നയ്ക്കും സന്തോഷമായി. ഇനി സൂസൻ ഇതും പറഞ്ഞ് തന്നെ പരിഹസിക്കില്ലല്ലോ എന്ന് കരുതി അവൾ ആശ്വസിച്ചു ദൈവത്തിന് നന്ദി പറഞ്ഞു.

ക്രിസ്മസ് അടുത്തെത്തി. ഇടവക വികാരി ഫാ. മാത്യു കുട്ടികളുടെ ബൈബിൾ വിജ്ഞാനം അറിയുന്നതിനായി ഒരു ബൈബിൾ ക്വിസ് മത്സരം നടത്തുവാൻ തീരുമാനിച്ചു. ഒന്നാം സ്ഥാനം നേടുന്നവർക്ക് കൈനിറയെ സമ്മാനങ്ങളും പ്രഖ്യാപിച്ചു. അതുകേട്ട കുട്ടികൾ വാശിയോടെ ബൈബിൾ പഠിച്ചു. അന്നയ്ക്ക് ബൈബിളിനെപ്പറ്റി നല്ല അറിവുണ്ടായിരുന്നു. എന്നും കുരിശുവര കഴിഞ്ഞ് അവളും അമ്മയും ബൈബിൾ വായിക്കുകയും അതു നന്നായി ഗ്രഹിക്കുകയും ചെയ്യുമായിരുന്നു. സൺഡേസ്കൂൾ സിസ്റ്റേഴ്സിനും അന്നയെ നല്ല ഇഷ്ടമായിരുന്നു. വേദപാഠം പരീക്ഷയിൽ അന്ന നല്ല മാർക്ക് നേടുമായിരുന്നു. മിഷൻലീഗിലും അവൾ നന്നായി പ്രവർത്തിച്ചിരുന്നു. പലപ്പോഴും വികാരി അച്ചനിൽ നിന്നു അവൾ സമ്മാനം വാങ്ങിയിരുന്നു. സൂസനും കൂട്ടരും അന്നയെ ഇതെല്ലാം കാരണം വെറുക്കുകയും എങ്ങിനെയെങ്കിലും കുടുക്കുവാൻ തക്കം പാർക്കുകയും ചെയ്തു. ബൈബിൾ ക്വിസിന് തലേന്ന് സൺഡേ സ്കൂളിൽ അന്നയുടെ ക്ലാസ്സിലുള്ള ജോസുകുട്ടിക്ക് നേർച്ചയിടാൻ അവന്റെ അമ്മ കൊടുത്ത അഞ്ചു രൂപാ നോട്ട് കാണാതായി. ഇതറിഞ്ഞ സിസ്റ്റർ തന്നെ എല്ലാവരുടേയും പുസ്തകസഞ്ചി തിരഞ്ഞുനോക്കി. അവസാനം അന്നയുടെ സഞ്ചി തിരഞ്ഞപ്പോൾ അതിന്റെയുള്ളിൽ ഇതാ ഒരു അഞ്ചുരൂപാ നോട്ട്. എല്ലാവരും നിശബ്ദരായി. നേരത്തേ നിലത്തു വീണ ജോസുകുട്ടിയുടെ അഞ്ചുരൂപാ നോട്ട് സൂസൻ കാണുകയും അവളതെടുത്ത് അന്നയുടെ സഞ്ചിയിൽ വയ്ക്കുകയും ചെയ്തിരുന്നു. ഒന്നും മനസ്സിലാകാതെ നിന്നിരുന്ന അന്നയുടെയും മറ്റുള്ളവരുടേയും ചെവിയിൽ സൂസന്റെ വാക്കുകൾ 'ഇതാ അന്നയാണ് ജോസുകുട്ടിയുടെ അഞ്ചുരൂപ മോഷ്ടിച്ച കള്ളിയെന്ന്.' ഈ കാര്യം വികാരിയച്ചന്റെ ചെവിയിലെത്തി. അച്ചൻ അന്നയെ വിളിച്ചു കാര്യങ്ങൾ തിരക്കി. പക്ഷേ അവൾ ഒന്നും മിണ്ടിയില്ല. അച്ചന് ചില കാര്യങ്ങൾ ബോധ്യപ്പെട്ടു.

പിറ്റേന്ന് ബൈബിൾ ക്വിസ് മത്സരമാണ്. കാലത്തേ പണിക്കിറങ്ങിയപ്പോൾ അമ്മ അവൾക്ക് എല്ലാവിധ ആശംസകളും നേർന്നു. അന്ന നന്നായിത്തന്നെ ക്വിസിൽ പങ്കെടുത്തു. മത്സരം കഴിഞ്ഞ ഉടൻ തന്നെ വികാരിയച്ചൻ അന്നയെ വിളിച്ചുകൊണ്ട് ആശുപത്രിയിലേക്ക് പോയി. മത്സരത്തിനിടയിൽ അദ്ദേഹത്തെ ഭാസ്ക്കരൻ ചേട്ടന്റെ വീട്ടുകാർ, അന്നയുടെ അമ്മ പണിക്കിടെ കുഴഞ്ഞു വീണെന്നും ഇപ്പോൾ ആശുപത്രിയിലാണെന്നും അറിയിച്ചിരുന്നു. ആശുപത്രിയിൽ അമ്മയുടെ കിടപ്പുകണ്ട് അന്ന പൊട്ടിക്കരഞ്ഞു. വികാരി അച്ചൻ അവളെ ആശ്വസിപ്പിച്ചു. കുറേ കഴിഞ്ഞപ്പോൾ സൂസനും അവളുടെ മാതാപിതാക്കളും ആശുപത്രിയിലെത്തി. അവർ അന്നയെ സമാധാനിപ്പിച്ചു. അതിലെല്ലാമുപരി സൂസൻ അന്നയുടെ അടുക്കലേക്ക് വന്ന് അവളോടു മാപ്പു ചോദിച്ചു. താനാണ് ആ അഞ്ചുരൂപ അവളുടെ സഞ്ചിയിൽ ഇട്ടതെന്ന് അവൾ ഏറ്റുപറഞ്ഞു. അത്ഭുതപ്പെട്ടുനിന്നിരുന്ന അന്നയുടെ അടുക്കലേക്ക് വികാരി അച്ചൻ വന്ന് പറഞ്ഞു. സൂസന് അന്നയോട് തോന്നിയിരുന്ന വിദ്വേഷത്തിന്റെ ഫലമാണ് സൺഡേസ്കൂളിൽ അതു സംഭവിക്കാൻ ഇടയായത്. ഇത് മറ്റുള്ളവരിൽ നിന്നും അറിഞ്ഞ അദ്ദേഹം സൂസനോട് തന്ത്രപരമായി സംസാരിച്ച് സത്യംപറയിപ്പിക്കുകയായിരുന്നു. അദ്ദേഹം തന്നെ സൂസന്റെ മാതാപിതാക്കളെ കാര്യമെല്ലാം അറിയിക്കുകയും, അന്നയോട് മാപ്പ് പറയണം എന്നു പറയുകയും ചെയ്യുകയായിരുന്നു.

ആശുപത്രി അധികൃതരിൽ നിന്നും അന്നയുടെ അമ്മയുടെ രോഗവിവരം മനസ്സിലാക്കിയ അവൾ ഉടൻ നടത്തേ ഓപ്പറേഷന്റെ ചിലവ് കേട്ട് ഞെട്ടി. 2 ലക്ഷം രൂപ ഉടൻ വേണം എന്ന് കേട്ടു വാപൊളിക്കാനേ അന്നക്ക് കഴിഞ്ഞുള്ളൂ. എല്ലാം ശരിയാകും എന്ന് പറഞ്ഞ് അന്നയെ വികാരിയച്ചനും മറ്റുള്ളവരും ആശ്വസിപ്പിച്ചു. അതിനിടെ അച്ചനും സൂസന്റെ മാതാപിതാക്കളും തമ്മിൽ നടത്തിയ സംഭാഷണത്തിൽ അവർ ചില തീരുമാനങ്ങൾ എടുത്തിരുന്നു. ആശുപത്രി അധികാരികളോട് ചികിത്സയുമായി മുന്നോട്ടുപോകുവാൻ അവർ ആവശ്യപ്പെട്ടു.

'X'mas ദിനം വന്നെത്തി. ബൈബിൾ ക്വിസിൽ സമ്മാനം നേടിയവർക്ക് അത് കൊടുക്കുവാൻ അച്ചൻ തീരുമാനിച്ചു. ഒന്നാം സമ്മാനം നേടിയത് അന്ന തന്നെയായിരുന്നു. സമ്മാനം നൽകുന്നതിനുമുമ്പ് അച്ചൻ അന്നയുടെ അമ്മയുടെ അവസ്ഥ പള്ളിയിലുണ്ടായിരുന്നവരെ അറിയിച്ചു. ഓപ്പറേഷനു വേണ്ടി 2 ലക്ഷം ആകുമെന്നും അത് മനസ്സിലാക്കി ഒരു ഫാമിലി 2 ലക്ഷം തന്ന് സഹായിച്ചെന്നും അറിയിച്ചു. ആ തുകയുടെ ചെക്ക് എല്ലാവരും കാൺകെ അന്നക്ക് നൽകി. തുടർന്നുള്ള കാര്യങ്ങൾക്കായി മറ്റുള്ളവർ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. സൂസന്റെ വീട്ടുകാർ ആണ് ഇത്രയും വലിയ തുക നൽകിയതെന്ന് വെളിപ്പെടുത്തരുതെന്ന് അവർ അച്ചനോട് ആവശ്യപ്പെട്ടിരുന്നു. അങ്ങിനെ അന്നക്ക് 'X'mas ദിനത്തിൽ മറ്റെല്ലാവരേക്കാളും നല്ല സമ്മാനം ലഭിച്ചു. അവളുടെ അമ്മയുടെ ഓപ്പറേഷൻ നന്നായി നടക്കുകയും അവർ ആരോഗ്യം പ്രാപിക്കുകയും ആശുപത്രി വിടുകയും ചെയ്തു. അന്ന എല്ലാത്തിനും കാരുണ്യവാനായ ദൈവത്തിന് നന്ദി പറഞ്ഞു.

അന്നയുടെ ശാന്തശീലം അവൾക്ക് വലിയ പ്രതിഫലം ആണ് പ്രദാനം ചെയ്തത്. അറിയാത്ത കുറ്റം ചുമത്തപ്പെട്ടപ്പോഴും അന്ന ശാന്തമായി അതിനെ നേരിട്ടു. തൽഫലമായി അവളുടെ ഇടപെടൽ കൂടാതെ തന്നെ അവൾ കുറ്റവിമുക്തയാ



# God's love

Anna Maria Shaju

*We all aim for glory, honour and fame,*
*That all may know our name.*
*Gathers wealth by brain and hand*
*Becomes a clout in the land*
*But when we reach the end of life*
*And reflect back o'er the lifetime of strife,*
*We find that happiness depends*
*On none of these, but the love of God.*
*Treasure god's love for all eternity*
*Man's affinity with God*



# Jesus is Born

Thomas Saju

*If you're felling down,*
*Turn your self around,*
*There is nothing to worry about,*
*(Cause lord Jesus is born now) *2*

*He will wipe your tears away,*
*And lead you always*
*(Cause lord Jesus is born now) *2*

*Angels in heaven sing,*
*To the almighty king,*
*Cause lord Jesus is born now - Chorus*





# FIND OUT!!!!

Juliat Sebastian
Year 7

## You need to think, think, think

1. What is the longest word in the world?
2. What is the longest place name in the world?
3. What is the longest chemical terms word in the world?
4. What is the shortest word ever?
5. What is the longest name in the world?

## THE ANSWER

**1 (45) :** PNEUMONOULTRAMICROSCOPICSILICOVOLCANOCONIOSIS

**2 (85) :** TAUMATAWHAKATANGIHANGAKOAUAUOTAMATEATURIPUKAKAPIK
IMAUNGAHORONUKUPOKAIWHENUAKITANATAHU

**3 (1185) :** ACETYLSERYLTYROSYLSERYLISOLEUCYLTHREONYLSERYLPROLY
LSERYLGLUTAMINYLPHENYLALANYLVALYLPHENYLALANYLLEUCYLSERYLSE
RYLVALYLTRYPTOPHYLALANYLASPARTYLPROLYLISOLEUCYLGLUTAMYLLEUC
YLLEUCYLASPARAGINYLYALYICYSTEINYLTHREONYLSERYLSERYLLEUCYLGLY
CYLASPARAGINYLGLUTAMINYLPHENYLALANYLGLUTAMINYLTHREONYLGLU
TAMINYLGLUTAMINYLALANYLARGINYLTHREONYLTHREONYLGLUTAMINYLV
ALYLGLUTAMINYLGLUTAMINYLPHENYLALANYLSERYLGLUTAMINYLVALYLTRY
PTOPHYLLYSYLPROLYLPHENYLALANYLPROLYLGLUTAMINYLSERYLTHREONY
LVALYLARGINYLPHENYLALANYLPROLYLGLYCYLASPARTYLVALYLTYROSYLLYS
YLVALYLTYROSYLARGINYLTYROSYLASPARAGINVLALANYLVALYLLEUCYLASPA
RTYL PROLYLLEUCYLISOLEUCYLTHREONYLALANYLLEUCYLLEUCYLGLYCYLTH
REONYLPHENYLALANYLASPARTYLTHREONYLARGINYLASPARAGINYLARGIN
YLISOLEUCYLISOLEUCYLGLUTAMYLVALYLGLUTAMYLASPARAGINYLGLUTAMI
NYLGLUTAMINYLSERYLPROLYLTHREONYLTHREONYLALANYLGLUTAMYLTHR
EONYLLEUCYLASPARTYLALANYLTHREONYLARGINYLARGINYLVALYLASPART
YLASPARTYLALANYLTHREONYLVALYLALANYLISOLEUCYLARGINYLSERYLALA
NYLASPARAGINYLISOLEUCYLASPARAGINYLLEUCYLVALYLASPARAGINYLGLU
TAMYLLEUCYLVALYLARGINYLGLYCYLTHREONYLGLYCYLLEUCYLTYROSYLASPA
RAGINYLGLUTAMINYLASPARAGINYLTHREONYLPHENYLALANYLGLUTAMYLS
ERYLMETHIONYLSERYLGLYCYLLEUCYLVALYLTRYPTOPHYLTHREONYLSERYLA
LANYLPROLYLALANYLSERINE

**4 (1) :** I or a

**5 :** First Name:

Wolfeschlegelsteinhausenbergerdorffvortschaferswesenchafewarenwho
lgepflegeunzenvonangerelfenduchihrraubgirligfeintausendjahresvoran
dieerscheinenbanderechiffgebrauchlichtalsseinursprungvonkrrthinzwis
chensternartigraumaufdersuchebtbewohnbarplanetenkreisedrehensich
undstandigmensshlichkeittkonntevortpflanzeslamdlichfreudeundruhem
itnichteinfurchrintilligentgeschopfsvonhinzwischensterSenior

Middle and last Name :

Adolph Blaine Charles David Earl Frederick Jack Gerald Hubert Irvin John Kennethe Lloyd Martin Nero oliver Paul Quincy Randolph Sherman Thomas Uncas Victor William Xerxes Yancy Zeus

## 100% ATTENDANCE 2010

| | |
|---|---|
| YEAR 1 | NIL |
| YEAR 2 | 1 CLEMENT BENNY<br>2 IGIN ANTONY<br>3 MANUEL TOMY |
| YEAR 3 | 1 MAREESA JAYEES |
| YEAR 4 | NIL |
| YEAR 5 | 1 HARRIS TOMY<br>2 SEENA SEBASTIAN |
| YEAR 6 | 1 CATHERINE BENNY |
| YEAR 7 | 1 JULIET SEBASTIAN |
| YEAR 8 | 1 ANN JOSEPH |
| YEAR 9/10 | NIL |
| YEAR 11/12 | 1 NISHI JOSEPH |

## SUNDAY SCHOOL TEACHERS 2011

| | | |
|---|---|---|
| HM | Raji Chacko | 6240829/ 02102405015<br>rajichacko@gmail.com |
| Year 1 | Namitha Mathews | 5511569/ 02102586319<br>namithamathews17@gmail.com |
| Year 2 | Catherina Mathews | 2764437/ 0212688049<br>cattys456@gmail.com |
| Year 3 | Sony Maju | 5215854/ 02102970280<br>kevinein@yahoo.com |
| Year 4 | Liji Tomy | 6340048/ 0210760716<br>ligitomy@yahoo.co.in |
| Year 5 | Pinky Anthraper | 8281659<br>anthraper@xtra.co.nz |
| Year 6 | Lotus Raji | 6240829/ 02102405015<br>lotusraji@gmail.com |
| Year 7 | Shaly Clement | 2760861/ 0212539026<br>shaliclement@hotmail.com |
| Year 8 | Jose Joseph | 6244442/ 0210404495<br>josefoncy@yahoo.co.nz |
| Year 9 | Lilly Anthraper | 8281659<br>anthraper@xtra.co.nz |
| Year 11 | Lisa Johnson | 6253858/ 0272433858<br>lmaryjohnson@gmail.com |
| Year 12 | Maju Abraham | 5215854/ 0211007343<br>kevinein@yahoo.com |
| **RELIEVERS** | | |
| 1 | Paul | 0212075505 |
| 2 | Thomson Philiph | 2504370<br>thomsonpv@gmail.com |
| 3 | Binu Tess Babu | 6206533/02102253381<br>tessbinu@yahoo.in |
| 4 | Soorya Steephen | 2781230 |
| 5 | Jiji Joseph | 5783749 |
| 6 | Sajan Veliyath | 8372686 |

## SUNDAY SCHOOL FINAL RESULT 2010

| YEAR | NAMES | % MARKS |
|---|---|---|
| YEAR 1 | 1 JOBIN JOSE | 92.5 |
| | 2 JENY JOSEPH | 90 |
| | 3 SHIJO BIJU | 85 |
| YEAR 2 | 1 CLEMENT BENNY | 98 |
| | 2 MANUEL TOMY | 93.5 |
| | 3 IGIN ANTONY | 69 |
| YEAR 3 | 1 ALBA BIJU | 92.5 |
| | 2 JENY MARY JOSEPH | 92 |
| | 3 MAREESA JAYEES | 91 |
| YEAR 4 | 1 TESSA SAJU | 86 |
| | 2 JOJI JOSEPH | 84 |
| | 3 SONA BIJU | 72 |
| YEAR 5 | 1 PAULSE RAJI | 96 |
| | 2 HARRIS TOMY | 95 |
| | 3 ANGEL JOSEPH | 88 |
| YEAR 6 | 1 CATHERINE BENNY | 82 |
| | 2 THOMAS SAJU | 76 |
| | 3 ALAN THOMAS | 63 |
| YEAR 7 | 1 REMIN ROY | 97.5 |
| | 2 JACOB ANITHOTTAM | 94 |
| | 3 JULIET SEBASTIAN | 93.5 |
| YEAR 8 | 1 GLORY CLEMENT | 90 |
| | 2 RYAN JOHNSON | 78 |
| | 3 ANN JOSEPH/ABIN THOMAS | 72 |
| YEAR 9/10 | 1 LIANNE JOHNSON | 90 |
| | 2 JOEL JOSEPH | 89 |
| | 3 ANS MATHEW | 88 |
| YEAR 11/12 | 1 NISHI JOSEPH | 92 |
| | 2 DIVYA ANTHRAPER | 86 |
| | 3 ARUN PAUL | 76 |

## SPECIAL PRIZE

(Attended only the final exam)

| | | |
|---|---|---|
| YEAR 3 | JANE ELIZABETH BABU | 96% |
| YEAR 6 | LILIA ANN BABU | 89% |
| YEAR 8 | EVELYN MARIA BABU | 90% |

# THE NEEDS OF TODAYS YOUTH

**Thomson Philip**

President, Santhom Youth Group
Syro Malabar Catholic Mission, Auckland

On January 26, 1999, tens of thousands of enthusiastic young people thronged to Kiel Centre in Saint Louis at 5 am to watch a 14-hour long Christian rock concert perhaps the largest and longest concert of its kind in history. Was this evidence of the great success of "Christian rock's" appeal to Catholic youth?

Well, no Many were not impressed with the bands of the hype. But they stayed. Through wearying hours of loud, bland music and despite fatigue they stayed. Why? Because they were waiting for something: something the entertainment world could never provide. They stayed to hear words of hope. They waited to hear what that modern bearer of hope, Pope John Paul II, would say to them. When he arrived at the Kiel Centre that evening, 100,000 kids cheered the "star" they had waited for since dawn. Then a hush fell as they waited to hear what he would say to them.

The Holy Father addressed the young People:

Sadly, too many young people are living apart from the light-in a world of illusions, a world of fleeting shadows and promises unfulfilled. If you look to Jesus, if you live the Truth that is Jesus, you will have in you the light that reveals the truths and values on which to build your own happiness, while building a world of justice, peace and solidarity. Remember what Jesus said: "I am the light of the world; those who follow me will have the light of life." (Jn. 8:12)... Jesus who has conquered sin and death reminds you: "Iam with you always." (Mt.28:20)

He says: "Couraged! It is I; have no fear." (Mk. 6:50) Christ is calling you; the Church needs you; the Pope believes in you and he expects great things of you!

During his speech it was difficult to find a dry eye in the arena. Why? Because the pope knows how to speak to us young people. He knows our deepest fears and worries, and knows the Lord has the answers to our deepest questions.

The Holy Father addressed our aimlessness and despair in searching for happiness and success in the ways of the world. He reminded us that Jesus is the light we must follow and love in order to get out of the darkness into a new life of hope and happiness. And he told us to trust and have no fear. Young people fear so much today-everything from the breakup of our families to the fear of being "left out" by our peers, or unsuccessful in the eyes of the world.

Finally, the pope told us that he believed in us, something that many young people do not hear from our parents or anyone else today.

The contrast between reactions to the Christian rock bands and the pope's message was striking. Christian rock did nothing spiritually for us. But the Holy Father's message reached us at the core of our being.

The truth is, Catholic youth are just like any other youth: they're interested in listening to popular music, hanging out with friends, and in dealing with the ordinary problems and with the larger questions of life that they are begining to face as they mature.

As a youth, I have a pretty good handle on what people of my generation need. We are the generation that feels unloved and aimless in a world caught up in sex, money, and power. We have inherited the leftovers of the Sixties. We have inherited the hopelessness, the pain, and the darkness that came with the sexual revolution and the "Me Generation."

Many of us face questions that people of our age have never before had to face on such a large scale: Am I worthless if I don't make a lot of money like my dad? How do I deal with the pain of my parents divorce?

These are serious questions, and we are looking for serious answers. And the only one who can answer the questions deepest in our hearts is God. And the most effective way He communicates His love and His grace is through the Sacraments of the Church, which Our Lord instituted.

While we do want to be fun and engaging, we should do so in order to build "roots and wings." We have a responsibility to affirm the Truth given to us by the Church, and instil these Truths in the lives of the youth. It is our hope that by doing so, we intergrate knowledge of the Catholic faith with the development of practical skills for living the Catholic faith in today's world. We must help today's youth understand the teachings of the Catholic Church and enable them to share the Good News in modern soceity. In other words, we need to give them roots to be grounded in and wings to fly with.



# ഓക്ക്‌ലാൻഡ് സീറോമലബമാർ മിഷൻ ഒരു അവലോകനം

**John Anthraper**

ഓക്ക്‌ലാൻഡിലേയ്ക്ക് കുടിയേറിയവരിൽ ഭൂരിഭാഗം മലയാളികൾ കത്തോലിക്കരും, അവരിൽ ഏറിയപങ്കും സീറോ മലബാർ അംഗങ്ങളും ആണെന്ന വസ്തുത നമുക്ക് അഭിമാനിക്കാവുന്ന ഒന്നാണ്.

“നമ്മൾ ആയിരിക്കുന്ന സീറോ മലബാർ മിഷന്റെ തുടക്കത്തെപ്പറ്റിയും വളർന്ന്, ഇന്ന് എത്തിച്ചേർന്നിരിക്കുന്ന അവസ്ഥയെപ്പറ്റിയും ഒരു അവലോകനം നടത്തുന്നത് തികച്ചും അവസരോചിതം ആയിരിക്കും.”

2002-ാം ആണ്ടിൽ ഓക്ക്‌ലാൻഡ് അതിരൂപതയിൽ അസിസ്റ്റന്റ് വികാരിയുടെ ചുമതലയിൽ ഇരുന്ന ബഹു. അലക്സ് കപ്പ്യാരുമല അച്ചൻ വിശ്വാസികളുടെ ആവശ്യപ്രകാരം മാസത്തിൽ ഒരിക്കൽ സീറോ മലബാർ ക്രമത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചുപോന്നിരുന്നു. തുടർച്ചയായിട്ടല്ല എങ്കിലും ഇടയ്ക്കിടെ മതബോധന ക്ലാസ്സുകളും നടത്തിയിരുന്നു.

2004-ൽ അലക്സ് അച്ചൻ നാട്ടിലേക്കു മടങ്ങിയതോടെ വിശ്വാസികളുടെ ആവശ്യപ്രകാരം ബഹു. ജോസഫ് അക്കര അച്ചൻ ഹാമിൽട്ടണിൽ നിന്ന് വന്ന് മാസത്തിൽ ഒരിക്കൽ വി. കുർബ്ബാന അർപ്പിച്ചുപോന്നിരുന്നു. അങ്ങനെ തുടർന്നു പോരുന്നസമയത്ത് 2006-ൽ അക്കര അച്ചന്റെ നേതൃത്വത്തിൽ സീറോമലബാർ സമൂഹത്തിനെ പ്രതിനിധീകരിച്ച് ഒരു ചെറിയ സംഘം ഓക്ക്‌ലാൻഡ് അതിരൂപതയുടെ അദ്ധ്യക്ഷനായ ബഹു. പാട്രിക് ഡൺ പിതാവിനെ സമീപിച്ച് സമൂഹത്തിന്റെ പരമപ്രധാന ആവശ്യമായ, സ്ഥിരമായ സീറോമലബാർ റീത്തിൽ നിന്നുള്ള വൈദികൻ, എന്ന ആശയം ബോധിപ്പിക്കുകയും ചെയ്തു. തുടർന്ന് ബഹു. പാട്രിക് പിതാവ്, Redemptorist വൈദിക സമൂഹത്തിന്റെ ഓക്ക്‌ലാൻഡിലെ സുപ്പീരിയർ അച്ചൻ ബഹു. Peter Brown, വഴി ആലുവ പ്രൊവിൻഷ്യൽ ബഹു. ക്ലെമന്റ് വടക്കേടത്തുമായി ആശയവിനിമയം നടത്തിയതിന്റെ ഫലമായാണ് 2007 ജൂൺ 27ന് ബഹു. അലക്സ് വിരുതകുളങ്ങര അച്ചൻ ഓക്ക്‌ലാൻഡിൽ എത്തിച്ചേർന്നത്.

ബഹു. അലക്സ് അച്ചന്റെ വരവോടെ ഓക്ക്‌ലാൻഡ് സീറോ മലബാർ സമൂഹം ഒന്നടങ്കം സജീവമായി തീർന്നു. ബഹു. അലക്സ് അച്ചന്റെ നേതൃത്വത്തിൽ സീറോ മലബാർ മിഷൻ കൈവരിച്ചത് അസൂയാവഹമായ വളർച്ചയാണ്. എല്ലാ ആഴ്ചയും സീറോമലബാർ ക്രമത്തിൽ വിശുദ്ധ കുർബ്ബാന, ഗായകസംഘം, ഫാമിലി യൂണിറ്റുകൾ, പാരിഷ് കൗൺസിൽ യൂത്ത്മൂവ്മെന്റ് എന്നിവയുടെ രൂപീകരണം, 100-നുമേൽ കുട്ടികളെ പങ്കെടുപ്പിച്ചുകൊള്ള മതബോധന ക്ലാസ്സുകൾ, കുട്ടികൾക്കായുള്ള അവധിക്കാല ബൈബിൾ ക്യാമ്പുകൾ, മാതാവിന്റെ നാമധേയത്തിൽ ആഘോഷമായ രണ്ടുവർഷത്തെ തിരുനാളുകൾ, ക്രിസ്മസ് കരോളും വീടു സന്ദർശനവും, നോയമ്പുകാല ധ്യാനങ്ങൾ, വീടു സന്ദർശനവും വെഞ്ചരിപ്പും, തുടങ്ങി നിരവധി ഉൽകൃഷ്ടമായ സംഭാവനകളാണ് വിരുതകുളങ്ങര അച്ചൻ ഓക്ക്‌ലാൻഡ് സീറോമലബാർ സമൂഹത്തിന് കാഴ്ച വച്ചത്. അംഗങ്ങളുടെ ബന്ധുമിത്രാദികളുടെ വേർപാടിന്റെ സമയത്തും, പ്രതിസന്ധിഘട്ടങ്ങളിലും അച്ചൻ ഏവർക്കും താങ്ങും തണലും ആയിരുന്നു.

2010- ജൂൺ മാസം മൂന്നുവർഷത്തെ സേവനം പൂർത്തിയാക്കി ബഹു. അലക്സ് അച്ചൻ നാട്ടിലേക്കു മടങ്ങിപ്പോയ ഒഴിവിലേക്ക് ബഹു.ജോയി തോട്ടങ്കര അച്ചൻ ചാർജ്ജെടുത്തു. അലക്സ് അച്ചന്റെ പാത പിൻതുടർന്ന് ജോയി അച്ചനും വിവിധ പുരോഗമന പ്രവർത്തനങ്ങളിൽ വ്യാപൃതനായി മുന്നോട്ടു പോകുന്നു. ചുരുങ്ങിയ 5 മാസത്തിനുള്ളിൽ ജോയി അച്ചൻ എല്ലാ അംഗങ്ങളുടേയും വീടു സന്ദർശിക്കുകയും വെഞ്ചരിപ്പു നടത്തുകയും ചെയ്തുവെന്നത് പ്രംശസനീയമായ ഒരു നേട്ടം തന്നെയാണ്. ഒക്ടോബർ മാസത്തിലെ ആഘോഷമായ കൊന്ത നമസ്കാരം മതബോധന ക്ലാസിലെ കുട്ടികൾക്കായുള്ള കലോത്സവം, മറ്റു പുരോഗമനപ്രവർത്തനങ്ങൾ മുതലായവ വളരെ അഭിനന്ദനീയം തന്നെ.

ഈ മിഷൻ വളർന്ന്, ഇന്ന് 204 അംഗങ്ങളുള്ള ഒരു കൂട്ടായ്മയായി എത്തി നിൽക്കുന്നു. ഫാംകരേയിൽ നിന്നും 27 അംഗങ്ങളും ഇന്ന് ഈ മിഷനുമായി യോജിച്ചു പ്രവർത്തിക്കുന്നു.



# ഒരു പ്രവാസിയുടെ ക്രിസ്മസ്സ് ചിന്തകൾ

**ഷിബു മാത്യു**

പുലർകാല സൂര്യന്റെ കിരണങ്ങൾ ജനലഴികളിലൂടെ എത്തിനോക്കുവാൻ തുടങ്ങിയപ്പോഴാണു ഉറക്കം വിട്ടുണരുവാൻ സമയമായല്ലോ എന്നോർത്തത്. ഒഴിവുദിവസമായതിനാൽ കിടക്കവിട്ടു എഴുന്നേൽക്കുവാൻ മനസ്സുവന്നില്ല, വീണ്ടും തിരിഞ്ഞുംമറിഞ്ഞും കിടന്നു. ഉദയസൂര്യന്റെ കിരണങ്ങൾ മുഖത്തു തട്ടി വിളിക്കുന്നുണ്ടെങ്കിലും അലസമായ മനസ്സും, ശരീരം പോലെ തന്നെ കട്ടിലിൽ ചടഞ്ഞുകിടന്നു.

ജനലഴികളിലൂടെ പുറത്തേക്കുനോക്കി വെറുതെ കിടന്നു, അല്ലെങ്കിൽതന്നെ നേരത്തെ എഴുന്നേറ്റിട്ടും തന്നെ സംബന്ധിച്ചിടത്തോളം പ്രത്യേക കാര്യങ്ങളൊന്നുമില്ലല്ലോ. കിടപ്പുമുറിയിൽ നിന്നും നോക്കിയാൽ പുറത്തെ മനോഹരമായ കാഴ്ചകൾ കാണാം. വസന്തത്തിന്റെ വരവറിയിച്ചുകൊണ്ടു വർണ്ണാഭമായി പൂത്തുലഞ്ഞു നിൽക്കുന്നമരങ്ങൾ, മരച്ചില്ലകളിലെ നറുതേൻ നുകർന്നു പാറിപ്പറക്കുന്ന വിവിധതരം കിളികൾ. വീണ്ടുമൊരു ക്രിസ്മസിന്റെ ആഗമനം വിളിച്ചറിയിച്ചുകൊണ്ടു, വസന്തം പടിവാതിൽക്കൽ വിരുന്നെത്തിയിരിക്കുന്നു, പ്രവാസലോകത്തെ തന്റെ വീണ്ടുമൊരു ക്രിസ്മസ്.

ക്രിസ്മസ് പടിവാതിൽക്കൽ എത്തിയെങ്കിലും, മനസ്സിന്റെ പൂമുഖപ്പടിയിൽ ക്രിസ്മസിന്റെ നിറചാർത്തുകൾ ഇനിയും പ്രത്യക്ഷമായിട്ടില്ല. പ്രഭ ചൊരിഞ്ഞെത്തുന്ന താരകങ്ങൾക്കായി മനസ്സിനിയും കാത്തിരിക്കുന്നു. നിറം മങ്ങിയ തന്റെ പ്രവാസലോകത്തെ വീണ്ടുമൊരു ക്രിസ്മസ്, ബിജു മനസ്സിലോർത്തു, ഈ നാട്ടിലെ തന്റെ അഞ്ചാമത്തെ ക്രിസ്മസാണിത്. എന്താണു താൻ കണ്ടനുഭവിച്ച ഇവിടുത്തെ ക്രിസ്മസ്. ക്രിസ്ത്യൻ രാജ്യമെന്ന നിലയിൽ ഇവിടെ ക്രിസ്മസിനു വലിയ പ്രാധാന്യവും ആഘോഷവുമൊക്കെയാണ് എന്നാണു മനസ്സിൽ കരുതിയത്. പക്ഷേ പ്രാധാന്യവും ആഘോഷവുമൊക്കെ ദൃശ്യമായതു ഹോട്ടലുകളിലും, ബാറുകളിലും, ഷോപ്പിങ്ങുകളിലുമാണ് എന്ന വ്യത്യാസം മാത്രം. അലങ്കാരങ്ങളും ആഘോഷങ്ങളുമെല്ലാം ദൃശ്യമാണ്. പക്ഷേ എല്ലാം കച്ചവടക്കണ്ണു ലക്ഷ്യമാക്കിയുള്ളവ മാത്രം. എവിടേയും എങ്ങും സമ്മാനങ്ങളുമായി സാന്റാക്ലോസ് നിറഞ്ഞുനിൽക്കുന്നു. പക്ഷെ എങ്ങും ഉണ്ണിയേശുവിനെ മാത്രം കാണാനില്ല. ക്രിസ്മസ് എന്നാൽ സാന്റാക്ലോസിന്റെ ജന്മദിനം എന്നു കരുതുന്ന ഒരു തലമുറയാണോ ഇവിടെ വളരുന്നതെന്നു തോന്നിപ്പോകുന്ന ആഘോഷരീതികൾ. എങ്ങും പണത്തിന്റെയും ധൂർത്തിന്റെയും അരങ്ങേറ്റം മാത്രം.

ഉണ്ണിയേശുവിനെ സ്വീകരിക്കുവാൻ ഒരൽപം ഇടമില്ലാത്ത മനസ്സുകൾ. ശുഷ്കമായ ദേവാലയങ്ങളിൽ ദൃശ്യമാകുന്നതു കൂടുതലും നരയേറിയ തലകൾ മാത്രം. ഇതാണു തന്റെ അഞ്ചുവർഷത്തെ ക്രിസ്മസ് അനുഭവങ്ങൾ. ഈ അനുഭവങ്ങളാണ് പ്രവാസലോകത്തെ തന്റെ ക്രിസ്മസ് ദിനങ്ങൾ നിറം മങ്ങിയതാക്കിയത്.

മനസ്സുപിന്നെയും പുറകോട്ടു സഞ്ചരിച്ചുകൊണ്ടേയിരുന്നു. ഒരു പ്രവാസിയുടെ മനസ്സ് ഏറ്റവും കൂടുതൽ സഞ്ചരിക്കുന്നത് സ്വന്തം നാട്ടിലേക്കും ബാല്യകാലത്തേക്കുമാണ്. ദൂരെ നിന്നു നോക്കുന്നതു കൊണ്ടാണോ എന്നറിയില്ല. എന്നും നാടും കഴിഞ്ഞുപോയ കാലങ്ങളുമെല്ലാം മനസ്സിൽ നിറംപിടിച്ച ഓർമ്മകളായി പറ്റിപ്പിടിച്ചിരിക്കും. കുട്ടിക്കാലത്തെ ക്രിസ്മസ് ഒരുക്കങ്ങൾ ആഴ്ചകൾക്കു മുൻപേ ആരംഭിക്കുമായിരുന്നു. ഡിസംബർ മാസത്തിലെ തണുപ്പുള്ള പുലർകാലങ്ങളിലായിരുന്നു ഞങ്ങളുടെ ക്രിസ്മസ് ഒരുക്കങ്ങളുടെ അവലോകനങ്ങൾ നടന്നിരുന്നത്. വെളുപ്പിനെയുള്ള തണുപ്പിൽ നിന്നും രക്ഷപ്പെടുന്നതിനായി പറമ്പിന്റെ കോണിൽ കരിയിലകൾ കൂട്ടി കത്തിച്ചു അതിനു ചുറ്റുമിരുന്നു ഞങ്ങൾ കൂട്ടുകാർ തീകായുമായിരുന്നു. ഇവിടെയായിരുന്നു ഞങ്ങളുടെ ക്രിസ്മസ് ഒരുക്കങ്ങളുടെ ചർച്ചാകേന്ദ്രം. വിവിധതരത്തിലുള്ള പുൽക്കൂടുകളും നക്ഷത്രങ്ങളുമൊക്കെ ഉണ്ടാക്കുവാനുള്ള ആശയങ്ങൾ ഇവിടെയാണു മുളപൊട്ടിയിരുന്നത്.

കശുമാവിൽ നിന്നും വീണുകിട്ടുന്ന കശുവണ്ടി ശേഖരിച്ചു വിൽക്കുന്നത് ക്രിസ്മസിനു മുൻപാണ്. തോരണങ്ങളും, ബലൂണും മറ്റും അലങ്കാരവസ്തുക്കളും വാങ്ങിക്കാനുള്ള ചെറിയ തുക അങ്ങനെയാണ് ലഭിച്ചിരുന്നത്. ഇന്നത്തെപ്പോലെ പോക്കറ്റുമണി ലഭിച്ചിരുന്നില്ലല്ലോ.

കുറ്റിക്കാടുകൾ താണ്ടി നേരത്തെതന്നെ പുൽക്കൂട് മെനയുവാനുള്ള തെരുവച്ചെടികളും പൂക്കളും ശേഖരിച്ചുവയ്ക്കുമായിരുന്നു. കൂട്ടുകാരെല്ലാം മത്സരബുദ്ധിയോടെ പുൽക്കൂട് ഉണ്ടാക്കുന്നതിനാൽ നേരത്തെ തന്നെ ആവശ്യത്തിൽ തെരുവച്ചെടി ശേഖരിച്ചില്ലെങ്കിൽ പിന്നെ കിട്ടാതെവരും. വളരെ മനോഹരമായി അലങ്കരിച്ചു സജ്ജമാക്കിയ പുൽക്കൂട് ക്രിസ്മസ് ദിനത്തിനു മുൻപേതന്നെ വീട്ടുമുറ്റത്തു പ്രത്യക്ഷമായിരിക്കും. തെങ്ങിന്റെ മടലുകൾ ചീകി സ്വന്തം കരവിരുതിൽ നിർമ്മിക്കുന്ന നക്ഷത്രത്തിനു നല്ല വൈദഗ്ധ്യം വേണ്ടിയിരുന്നു. വളരെ ശ്രമകരമായ ജോലി ആയിരുന്നു ഞങ്ങൾക്കു നല്ല നക്ഷത്രം ഉണ്ടാക്കുക എന്നത്. വർണ്ണക്കടലാസുകൾ വിവിധ രൂപത്തിൽ കട്ട് ചെയ്ത് തയ്യാറാക്കിയ വലിയ നക്ഷത്രം. വലിയ തിരിയുള്ള മണ്ണെണ്ണ വിളക്കുകത്തിച്ചു വച്ച്-ഏറ്റവും വലിയ മരത്തിന്റെ ശിഖരത്തിൽ ഉയർത്തികെട്ടി-ദൂരെ നിന്നു ആ നക്ഷത്രത്തിന്റെ പ്രഭ നോക്കിനിൽക്കുന്ന നിമിഷങ്ങൾ മനസ്സിൽ ഒരായിരം നക്ഷത്രങ്ങൾ വിരിയുന്ന പ്രതീതിയായിരുന്നു.

ദേവാലയത്തിൽനിന്നും ക്രിസ്മസ് കരോൾ വരുമ്പോൾ-ആളുകൾ തന്റെ പുൽക്കൂടിനെപ്പറ്റി പുകഴ്ത്തിപ്പറയുമ്പോൾ അഭിമാനത്തോടെ കേട്ടിരിക്കുന്ന നിമിഷങ്ങൾ. ക്രിസ്മസ് രാത്രിയിൽ പുതുവസ്ത്രങ്ങളണിഞ്ഞു അച്ചന്റേയും അമ്മയുടേയും കൈപിടിച്ചു ദേവാലയത്തിൽ പാതിരാകുർബ്ബാന കാണുവാൻ കിലോമീറ്ററുകൾ താണ്ടിയുള്ള ആ നടപ്പ് ഇന്നും മനസ്സിന്റെ ഓർമ്മച്ചെപ്പിൽ നിറഞ്ഞുനിൽക്കുന്ന ക്രിസ്മസ് ദിനങ്ങൾ!

ഫോണിന്റെ നിർത്താതെയുള്ള ശബ്ദം കേട്ടാണ് ഓർമ്മയുടെ ലോകത്തുനിന്നു തിരിച്ചുവന്നത്. അലസോരപ്പെടുത്തുന്ന ആ ശബ്ദം എന്നെ കിടക്കവിട്ടു എഴുന്നേൽക്കുവാൻ നിർബന്ധിതനാക്കി. എങ്കിലും പൊയ്പ്പോയ ആ ക്രിസ്മസ് ദിനങ്ങൾ മനസ്സിൽ തളം കെട്ടികിടന്നു. ■

# ഒരു പ്രതിഫലനം

**ജെയിൻ ഷാജു**

'Malayalam mass is too long' ഇതായിരുന്നു ഞങ്ങളുടെ കുട്ടികളുടെ സീറോമലബാർ കുർബ്ബാനയെക്കുറിച്ചുള്ള ആദ്യകാല അഭിപ്രായം. എട്ടുവർഷങ്ങൾക്കു മുൻപ് ന്യൂസിലാൻഡിലേയ്ക്കു കുടിയേറുമ്പോൾ മനസ്സിലുണ്ടായിരുന്ന ചിന്തകളിൽ ഒന്ന് ഒരു നല്ല ക്രിസ്ത്യാനി എന്ന നിലയിൽ ക്രൈസ്തവ മൂല്യങ്ങൾക്ക് വിലകല്പിക്കുന്ന ഒരു ഉൽകൃഷ്ട സമൂഹത്തിന്റെ അടുത്തേയ്ക്കായിരിക്കണം ഈ പറിച്ചുനടൽ എന്നതായിരുന്നു.

ഇവിടെ വന്ന് ഇംഗ്ലീഷ് കുർബ്ബാനകൾ മാത്രം കണ്ടിരുന്നപ്പോൾ വിശ്വാസ തേജസ്സിന് എന്തോ കുറവു പോലെ തോന്നി. അന്നൊക്കെ മാസത്തിൽ ഒരിക്കൽ മാത്രം ഉണ്ടായിരുന്ന മലയാളം കുർബ്ബാനയ്ക്കുവേണ്ടി കാത്തിരിക്കുമായിരുന്നു. കത്തോലിക്കാ സ്കൂളിൽ പോയിരുന്ന സ്വന്തം മക്കൾ വളരെ ദൈർഘ്യം കുറഞ്ഞ ലത്തീൻ ക്രമത്തിൽ കുർബ്ബാന കണ്ടിരുന്നപ്പോൾ അവരിൽ നിന്നും മലയാള കുർബ്ബാനയെപ്പറ്റി വന്ന പ്രതികരണമാണ് ആദ്യം വിവരിച്ചത്. ഞങ്ങൾ ഇവിടെ വന്ന സമയത്തു തുടങ്ങിയ വേദപാഠക്ലാസ്സുകൾ നല്ല നിലയിൽ നടക്കാതിരുന്നതുകൊണ്ട് ഞങ്ങളുടെ കുട്ടികൾക്ക് അതിലും താല്പര്യം തോന്നിയില്ല.

ഇവിടുത്തെ വൈവിധ്യമാർന്ന സംസ്ക്കാരവും, 'I have no religion' എന്ന മനസ്ഥിതിയും മാതാപിതാക്കളായവരെ സ്ഥിരമായി അലട്ടിക്കൊണ്ടിരുന്നു. കുഞ്ഞുങ്ങൾക്ക് അടിയുറച്ച ക്രൈസ്തവ വിശ്വാസവും സീറോമലബാർ സഭയുടെ പാരമ്പര്യങ്ങളും മനസ്സിലാക്കി കൊടുക്കുവാൻ സാധിച്ചിരുന്നുവെങ്കിൽ എന്ന് മനസ്സുരുകി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. നമ്മുടെ സമൂഹത്തിന്റെ പരിശ്രമഫലമായി ദൈവാനുഗ്രഹത്താൽ നാട്ടിൽനിന്നും ഒരു സീറോമലബാർ വൈദികനെ ലഭിക്കുവാൻ ഇടയായി. ബഹു. അലക്സ് വിരുതകുളങ്ങര അച്ചന്റെ നേതൃത്വത്തിൽ ഓക്‌ലാൻഡ് സീറോമലബാർ മിഷൻ രൂപീകൃതമായതോടെ ആഴ്ചയിൽ ഒരിക്കൽ ആഘോഷമായ സീറോമലബാർ റീത്തിലുള്ള കുർബ്ബാനയും കുട്ടികൾക്കായുള്ള വേദപാഠ ക്ലാസ്സുകളും പ്രവർത്തനക്ഷമമായി നടന്നുപോരുന്നു. ഇപ്പോൾ ഞായറാഴ്ച കുർബ്ബാന മലയാളത്തിൽ പങ്കെടുത്തില്ലെങ്കിൽ എന്തോ ഒരു കുറവു പോലെ തോന്നുകയാണ്. "Malayalam mass is too long, could we go to the English Mass" എന്നു ചോദിച്ചിരുന്ന കുട്ടികൾ ഇന്ന് could we go to the Syromalabar Mass എന്ന് ചോദിക്കുവാൻ തുടങ്ങി. വേദപാഠ ക്ലാസ്സുകൾ മുടങ്ങുന്നതും ഇന്ന് അവർക്ക് വളരെ വിഷമമാണ്.

ആഴ്ചതോറുമുള്ള വേദപാഠക്ലാസ്സുകൾ വഴി നമ്മുടെ കുട്ടികൾക്കുണ്ടായിട്ടുള്ള ആദ്ധ്യാത്മിക വളർച്ച വിലമതിക്കാനാകാത്തതാണ്. നാം വീട്ടിലിരുന്നുമണിക്കൂറുകൾ എടുത്തു പഠിപ്പിക്കേണ്ടിവരുന്ന പ്രാർത്ഥനകൾ വേദപാഠക്ലാസ്സുകളിൽ അദ്ധ്യാപകർ പഠിപ്പിക്കുമ്പോൾ അവർ ഉത്സാഹപൂർവ്വം ഹൃദിസ്ഥമാക്കുന്നു. അതുപോലെ വേദപാഠ പരീക്ഷയും ഗൃഹപാഠവും മറ്റും, സ്കൂളിലെ വിഷയങ്ങളുടെ പ്രാധാന്യത്തിൽ തന്നെ കുട്ടികൾ കാണുന്നുവെന്നതും വലിയ ഒരു നേട്ടമാണ്. അലക്സ് അച്ചന്റെ നേതൃത്വത്തിൽ സീറോമലബാർ മിഷൻ വന്ന വളർച്ചയ്ക്കും, അതുവഴി നമ്മുടെ കുടുംബങ്ങൾക്ക് ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾക്കും സർവ്വേശ്വരനായ ദൈവത്തോടു നന്ദി പറയുന്നു.

ഈ രാജ്യം വിട്ടുപോകുമ്പോൾ ഇവയെല്ലാം നഷ്ടമാകുമല്ലോ എന്ന ഒരു ആശങ്ക മനസ്സിലുണ്ട്. നാം മറുനാട്ടിൽ എവിടെപ്പോയാലും നമ്മുടെ സഭയുടെ പാരമ്പര്യങ്ങൾ അനുഷ്ഠിക്കുകയും അത് നമ്മുടെ വരും തലമുറയ്ക്ക് കൈമാറുകയും ചെയ്യുക എന്നത് വലിയ ഒരു സമ്പത്താണ്. അതിനായി ദൈവം നമ്മെ ഓരോരുത്തരേയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അലക്സ് അച്ചൻ മടങ്ങി നാട്ടിലേക്ക് പോയതിനെത്തുടർന്ന് സീറോമലബാർ സമൂഹത്തിന്റെ ആദ്ധ്യാത്മിക വളർച്ചയ്ക്കും ഉന്നമനത്തിനും വേണ്ടി നേതൃത്വം നല്കുന്ന ബഹു. ജോയി തോട്ടങ്കര അച്ചനെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ■

# ഓർമ്മയിൽ വിടരുന്ന ഉണ്ണീശോപ്പൂക്കൾ...

**ടെസി ജോജി നാഗപ്പുഴ**

ഒരിക്കൽക്കൂടി ക്രിസ്തുമസ്സ് വരവായി സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഒക്കെ സന്ദേശവുമായി ഓരോ മനസ്സിലേക്കും ഓടി എത്തുന്ന ക്രിസ്തുമസ്സ്. ക്രിസ്തുമസ്സ് എന്നു കേൾക്കുമ്പോൾ എന്റെ മനസ്സിലേക്ക് ഓടിയെത്തുന്നത് ഒരു പിടി ഉണ്ണീശോപ്പൂക്കളാണ്. പിന്നെ അമ്മച്ചിയുടെ കൈപിടിച്ച് ചൂട്ടുകറ്റയുടെ വെളിച്ചത്തിൽ പാതിരാകുർബ്ബാനയ്ക്കു പോകുന്ന ബാല്യത്തിലെ ഒരു ഓർമ്മച്ചിത്രം. നിദ്രമയങ്ങുന്ന മിഴിയിണകളെ ബലമായി തുറന്നുപിടിച്ച് എത്രയോ ക്രിസ്തുമസ്സ് രാത്രികളിൽ ഞാൻ കാത്തിരുന്നിട്ടുണ്ട്. പുൽക്കൂട്ടിൽ പിറക്കുന്ന ഉണ്ണിയെ ഒന്നു കാണാൻ പാതിരാകുർബ്ബാന കൂടാൻ പിന്നെ കുർബ്ബാന കഴിഞ്ഞ് മടങ്ങിയെത്തുമ്പോൾ അമ്മ ചുട്ടുതരുന്ന കള്ളപ്പം ആർത്തിയോടെ കഴിക്കാൻ ഒന്നും മറന്നിട്ടില്ല. എന്നും ഓർമ്മയിൽ സൂക്ഷിക്കാൻ ഇഷ്ടപ്പെടുന്ന എന്റെ ബാല്യം. കാലങ്ങൾ കടന്നുപോയപ്പോൾ ബാലിക കുമാരിയായി യുവതിയായി പിന്നെ ഭാര്യയും അമ്മയുമായി. പാതിരാകുർബ്ബാനയും ഉണ്ണീശോ പൂക്കളും ഒക്കെ വെറും ഓർമ്മകളായി. കുട്ടിക്കാലത്ത് പുൽക്കൂടുപണിയാൻ എന്തൊരു ഉത്സാഹമായിരുന്നു. ഉണ്ണീശോ പുല്ലുപറിക്കാൻ എന്നും ഞാൻ മുമ്പിലായിരുന്നു. ഉണ്ണീശോ പുല്ലുകൊണ്ട് പുൽക്കൂട് മേഞ്ഞ് ഉണ്ണിയെ കിടത്താൻ ഉണ്ണീശോ പൂക്കൾ നോക്കി തൊടിയിലുട നീളം നടക്കും. എവിടെങ്കിലും ഒരു ഉണ്ണീശോ പൂവുകണ്ടാൽ എന്തുമാത്രം സന്തോഷമാണെന്നോ ഒരു നിധി കിട്ടിയതുപോലെ. വലിയ മരത്തിൽ വെള്ളനിറത്തിൽ കുലച്ചുകിടക്കുന്ന ഉണ്ണീശോപൂക്കൾ മനസ്സിലിന്നും ഒരു മഞ്ഞുകണമായി അവശേഷിക്കുന്നു. കാലചക്രം ഒരിക്കലും പിന്നോട്ട് പോവാറില്ലല്ലോ. അതുകൊണ്ടു തന്നെ കടന്നുപോയ ബാല്യം ഇനിയൊരിക്കലും മടങ്ങിവരില്ല.

ഇന്ന് എല്ലാം റെഡിമെയ്ഡ് യുഗമാണ്. പുൽക്കൂട്, ക്രിസ്തുമസ്സ് ട്രീ, പൂക്കൾ, എല്ലാം മാർക്കറ്റിൽ വിപുലമാണ്. അല്ലെങ്കിൽ കഷ്ടപ്പെട്ട് പുൽക്കൂടുകെട്ടാനും, ഉണ്ണീശോപൂക്കൾ നോക്കി നടക്കാനുമൊക്കെ ഇന്നത്തെ തലമുറയ്ക്ക് എവിടെ സമയം. എല്ലാം മായയും എല്ലാത്തിലും മായവു; കലർപ്പില്ലാ സ്നേഹം സാഹോദര്യം ഒന്നും കണികാണാൻ കൂടി കിട്ടില്ല. ഈ കലിയുഗത്തിൽ ആർക്കും ആരോടും സ്നേഹമോ കാരുണ്യമോ ഇല്ല. കൊടുത്താലും തിരിച്ചുകിട്ടാത്ത അവസ്ഥ. നിസ്വാർത്ഥമായ സ്നേഹം വെറുമൊരു വ്യാമോഹം മാത്രം.

പിറന്നുവീഴുമ്പോഴെ ചവറ്റുകുട്ടയിലേക്ക് വലിച്ചെറിയപ്പെടുന്ന ശൈശവം. ജനിക്കുംമുമ്പേ കൊലചെയ്യപ്പെടുന്ന ഗർഭസ്ഥശിശുക്കൾ. പ്രായമാകുമ്പോൾ താങ്ങും തണലും ആകേണ്ടിയിരുന്ന മക്കൾ തന്നെ തെരുവിലേക്ക് തള്ളിയിടുന്ന വാർദ്ധക്യം. ഒരു പിടി മണ്ണിനു വേണ്ടി ചോരപ്പുഴ ഒഴുക്കുന്ന സാഹോദര്യം. നിസ്സാര പിണക്കങ്ങളുടെ പേരിൽ മുറിഞ്ഞുപോകുന്ന ദാമ്പത്യം. ഇതൊക്കെയാണ് ഇന്നത്തെ കലിയുഗത്തിലെ വഴിയോരക്കാഴ്ചകൾ. ഇവിടെയാണ് കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണിയേശുവിന്റെ അരികിലേക്ക് ആ ലാളിത്യത്തിലേക്ക് നമ്മൾ കടന്നു ചെല്ലേത്. ഉണ്ണിയേശുവിന് വേണമെങ്കിൽ രാജകൊട്ടാരത്തിൽ ജനിക്കാമായിരുന്നു. പക്ഷേ പ്രതാപവും പ്രൗഢിയും ഒന്നുമായിരുന്നില്ല ഈശോ നമുക്ക് കാണിച്ചു തന്നത്. പിന്നെയോ എളിമ, കാരുണ്യം, ക്ഷമ, സഹനം ഇതൊക്കെയായിരുന്നു. ജനനം മുതൽ മരണം വരെയുള്ള യേശുക്രിസ്തുവിന്റെ ജീവിതം ഓരോ ക്രൈസ്തവന്റേയും മാർഗ്ഗദീപമാണ്.

ക്രിസ്ത്യാനിയായി ജനിച്ചതു കൊണ്ടുമാത്രം ക്രൈസ്തവനാകണമെന്നില്ല എന്നു പറയുന്നതുപോലെ മനുഷ്യനായി പിറന്നതുകൊണ്ടുമാത്രം മനുഷ്യത്വം ഉണ്ടാകണമെന്നില്ല. മനുഷ്യമനസ്സിൽ മൃഗീയത കടന്നു കൂടുമ്പോൾ അവനു പൈശാചികത കൈവരുന്നു. അപ്പോൾ അവൻ സൃഷ്ടാവിനെ മറക്കുന്നു. ജന്മം തന്ന മാതാപിതാക്കളെ വെറുക്കുന്നു. സ്വന്തം സഹോദരന്റെ രക്തം ചിന്തിയ കായേനെപ്പോലെ ചോരപ്പുഴ ഒഴുക്കുന്നു. റോഡരികിൽ ചോര വാർന്നുകിടക്കുന്ന അയൽക്കാരനെ അവഗണിച്ച് സ്വന്തം ലക്ഷ്യത്തിലെത്താൻ പായുമ്പോൾ നാമാരും ചിന്തിക്കുന്നില്ല. നാളെ ഒരുപക്ഷേ അതേ വഴിയരികിൽ ഒരു നല്ല സമരിയാക്കാരന്റെ കാരുണ്യത്തിനായി ചലനമറ്റുകിടക്കുന്ന ശരീരം നാം തന്നെ ആയിക്കൂടെന്നില്ല. അല്ലെങ്കിൽ നമ്മുടെ പ്രിയപ്പെട്ടവരാകാം എന്നുള്ള സത്യം ഒരു നിമിഷം ചിന്തിക്കൂ. ഈ ക്രിസ്തുമസ്സ് ദിനത്തിൽ നമുക്കൊരു തീരുമാനമെടുക്കാം. നമ്മുടെ ജീവിതം മറ്റുള്ളവർക്ക് മാതൃകയാക്കാം. സ്നേഹത്തിന്റെയും, ക്ഷമയുടെയും, സഹനത്തിന്റെയും, കാരുണ്യത്തിന്റെയും ഒക്കെ നിറദീപങ്ങൾ നമ്മുടെ ജീവിതത്തിൽ വെളിച്ചം പകരട്ടെ. നന്മകളുടെ ഒരുപിടി ഉണ്ണീശോപ്പൂക്കൾ ഈ പുൽക്കൂട്ടിൽ സമർപ്പിക്കാം. "ഈ എളിയവനിൽ ഒരുവനു നീ നന്മ ചെയ്യുമ്പോൾ അതെനിക്കു തന്നെയാണ് ചെയ്യുന്നത്" എന്നുള്ള യേശുനാഥന്റെ വചനം നമുക്കു കരുത്തുപകരട്ടെ. ■

# *Happy New Year 2011*

## AND

# WELCOME TO CHANGES TO NZ IMMIGRATION LAW!!!

**Johnson Paul Kunnappilil**
Barrister & Solicitor

The new Immigration Act 2009 has become law on 29 November 2010. What was - under the former Law - known as Immigration "POLICY" is now to be known as Immigration "INSTRUCTIONS". The changes are primarily in the use of new terminologies and - perhaps inevitably (!) - New Government fees apply.

Before 29 November a Visa was issued to someone who wished to travel to New Zealand and a permit was issued to someone who was already here and wished to remain in New Zealand. Now under the new Act the term "Permit" has been dropped and now the term VISA will apply to both categories. But it is to be noted that there is no change to existing categories or criteria under which people apply to Immigration NZ.

The New Act also introduces the "Interim Visa" which is a system by which overseas students, Work Visa holders and visitors wanting to extend their stay in NZ can do so in order to maintain their lawful stay in NZ, while their application for the Visa is being processed.

This Visa comes into effect on 7th February 2011. There is no need to apply for the Visa, no fees and no Visa label. It is automatically granted by electronic means and is valid until the application for the temporary Visa is decided (maximum 6 months)

Whether the holder of the interim Visa can work or study depends on the conditions on the Visa is granted - which is in turn dependent on the type of Visa held previously and the conditions which applied to it.

If you have any questions about the above, please contact me. All the information above is to the best of the author's knowledge true and accurate. No liability is assumed by the author for any losses suffered by any person relying directly upon this information. It is recommended that a senior representative of the firm is consulted before acting upon this information.

## PARISH COUNCIL

### TRUSTEES

| | |
|---|---|
| Mr. Paul Joseph | Tel: 09-2770702, 0226442793<br>pauljoseph@vodafone.co.nz |
| Mr. Sajan Veliath | Tel: 09-8372686, 0212058720<br>svirich@gmail.com |

### COUNCIL OF MEMBERS

| | |
|---|---|
| Mr. Shibu Mathew | Tel: 09-8367627, 0276923015<br>shibumm@gmail.com |
| Mr. Joy Joseph | Tel: 09-6307612. 0210334201<br>joyjoseph@gmail.com |
| Mr. Maneesh Joseph | Tel: 09-277943, 0211063171<br>maneeshjoseph@hotmail.com |
| Mr. Raji Chacko | Tel: 09-6240827, 02102405015<br>rajichackoac@gmail.com |
| Mrs. Liji Tomy | Tel: 09-6340048, 0210760716<br>tomyjoseph7480@yahoo.co.in |
| Mr. Cleetus Thomas | Tel: 09-2700398, 0212636787<br>ttcleetus@gmail.com |

keep your thoughts positive,
because your thoughts become your words.
keep your words positive,
because your words become your actions.
keep your actions positive,
because your actions become your habits.
keep your habits positive,
because your habits become your lifestyle.
keep your lifestyle positive,
because your lifestyle becomes your destiny

(Compiled by Joyachen)

**ഉദ്ദിഷ്ട കാര്യത്തിന് ഉപകാരസ്മരണ**



**Saju & Jain**



**Bijo & Sindu**

Printed and published by Syro Malabar Catholic Mission Auckland, Our Lady of Sacred Heart Parish, 19, Banff Ave, Epsom, Auckland
Tel : 6303956 | E-mail : smchaplainaucklandcssr@yahoo.com | Web: www.asmcm.org | Private Circulation only